ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
25 Feb. 2010
Vol. 3
Issue : 4
RNI. No.KERMAL/2008/26530 POSTAL Reg.No. KL/TLA 225/2009-11 Annual Subcription Rs. 100/- Pages: 12

ഫിലദെൽഫ്യ പ്രയർ ടവർ
"എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിനക്കുത്തരം അരുളും..." (Jere.33:6)
നിങ്ങൾ പ്രശ്നങ്ങളാൽ ഭയപ്പെടുന്നുവോ?
രോഗിയായി പ്രയാസപ്പെടുന്നുവോ?
നിങ്ങൾ മറ്റു വിഷയങ്ങളാൽ ദുഃഖത്തിലാണോ?
ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കാം.
വിലാസം ഫിലദെൽഫ്യ
PASTOR P.A. SCARIAH
Plot No. 45, I
ncome Tax Colony,
Paota 'c' Road,
Jodhpur, Rajasthan.
Phone: 0291 - 2545818, Mob:09602009535
E-mail: scariah_pa@yahoo.com




# രാഷ്ട്രീയ മുഖഛായയുള്ള തെരഞ്ഞെടുപ്പ് രീതി മാറണം

ദൈവസഭയുടെ നയരൂപീകരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് രീതി പരിഷ്കരിക്കണം എന്ന കാലോചിതമായ ചർച്ചയുമായി മുന്നോട്ടു വന്ന ബിലിവേഴ്സ് ജേണലിന്റെ ലക്ഷ്യം സഭയുടെ നന്മ മാത്രമാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമീപകാലത്തായി കാണുന്ന ദുഷ്പ്രവണതകൾ സഭാമണ്ഡലത്തെ ദുഷിപ്പിച്ചിട്ടുണ്ട്. ഇന്നു കാണുന്ന കടുത്ത മത്സരം പിതാക്കന്മാരുടെ നാളുകളിൽ ഇല്ലായിരുന്നു. കടിഞ്ഞാണില്ലാത്ത അധികാര ത്വര തീവ്രമായ അധികാര മത്സരത്തിലേക്കും അനാത്മീക പ്രവണതകളിലേക്കും നയിക്കുന്നു. രാഷ്ട്രീയ മുഖഛായയുള്ള തെരഞ്ഞെടുപ്പ് രീതി വീണ്ടുവിചാരത്തോടെ നാം വീക്ഷിക്കണം.

അധികാരവും ആധിപത്യവും ദൈവത്തിന് എന്ന ആശയമാണ് ബൈബിളിലുള്ളത്. (ഉല്പ. 2:26,28; സങ്കീ 97:1) സഭയിൽ ഭരണം നടത്തുന്നതും തീരുമാനം എടുക്കുന്നതും പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്ന ഉന്നത സമിതിയാണ് അഭിഷിക്തമൂപ്പന്മാരുടെ സംഘം. (അപ്പൊ. 14:32, 15:4; 20:17). ഇവരെ തെരഞ്ഞെടുത്തിരുന്നത് ബാലറ്റിലൂടെ അല്ലായിരുന്നു. പ്രിഫറൻസ് ബാലറ്റ് സെക്കുലർ ചിന്തയാണ്. ദർശനമുള്ള പ്രവാചകനായിരുന്നു രാജാവിനെ അഭിഷേകം ചെയ്തിരുന്നത്. (1 ശമു 16:13) പുതിയ നിയമസഭയുടെ കീഴ്വഴക്കങ്ങൾ വളരെ വ്യക്തമാണ്. (അപ്പോ. 1:21-26 ;6:1 -6, 13:1-3) ഈ രീതിയിലേക്ക് മടങ്ങിവരുന്നതുവരെ തെരഞ്ഞെടുപ്പ് ന്യായീകരിക്കപ്പെടും.

ഇന്ന് നിലനില്ക്കുന്ന തെരഞ്ഞെടുപ്പ് രീതി സഭയെ രാഷ്ട്രീയമായി ധ്രുവീകരിക്കും. മാനുഷിക കഴിവുകൊണ്ട് ജനം ആകർഷിക്കപ്പെടുകയും ചിലരുടെ കൈകളിൽ മാത്രം ഭരണം ചെന്നെത്തുകയും ചെയ്യും. വ്യക്തി പൂജയ്ക്ക് വഴിയൊരുക്കും. പണം മുടക്കി അധികാരം പിടിക്കും. ബിസിനസ്സ് ഗ്രൂപ്പുകൾ സ്ഥാനാർത്ഥികളെ അവതരിപ്പിച്ച് ഭരണം നിയന്ത്രിക്കാൻ ശ്രമിക്കും. കുറ്റിച്ചൂലുകളെ രംഗത്തിറക്കി സ്പോൺസേർഡ് രാഷ്ട്രീയം കളിക്കുന്ന സാമ്പത്തിക ശക്തികൾ നേതൃത്വത്തെ വഴി തെറ്റിക്കും. തെരഞ്ഞെടുപ്പിന്റെ സുതാര്യത നഷ്ടപ്പെടും. ദൈവാശ്രയം കുറയുകയും വിശുദ്ധരും വിശ്വസ്തരുമായ ആത്മീകർക്ക് അവസരം കിട്ടാതെവരും. ഭൂരിപക്ഷം ന്യൂനപക്ഷത്തിന്റെ ഭീഷണിയായിത്തീരും, ആത്മീകരും യോഗ്യതയുള്ളവരും ഭരണതലത്തിൽ കുറയും. ഭരിക്കുന്ന വ്യക്തിയ്ക്ക് വിജയിപ്പിച്ചവരോടും പ്രചാരണം നടത്തിയവരോടും കടപ്പാട് വർദ്ധിക്കും. എതിർത്തവരെ പ്രതിപക്ഷം പോലെ കാണും. മിഷൻ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം ധൂർത്തടിക്കപ്പെടും. ശുശ്രൂഷകൾക്ക് പ്രാഗല്ഭ്യം കുറയും. ഇങ്ങനെ ദൈവഹിതത്തിന് ഇടം കിട്ടാതെ ദൈവാധിപത്യം പൂർണ്ണമായും ഇല്ലാതെയാകും. കളങ്കിതരും, ധാർമ്മിക മുഖം നഷ്ടപ്പെട്ടവരും, കച്ചവടതാല്പര്യമുള്ള അനാത്മീകരും നേതൃത്വത്തിൽ വിരാജിക്കും.

അതുകൊണ്ട് ഒരു മാറ്റത്തിന് നാം തയ്യാറാകണം. മത്സരം ഒഴിവാക്കി സമവായത്തിലൂടെ ഒരു ഔദ്യോഗിക പാനൽ തയ്യാറാകണം. ഇത്


രാജൻ ആര്യപ്പള്ളിൽ

മറ്റുള്ളവരെ തഴഞ്ഞുകൊണ്ടുള്ള വീതം വയ്പ് ആകരുത്. എല്ലാ പ്രാദേശിക സഭകളിൽ നിന്നും നോമിനേഷൻ സ്വീകരിക്കണം. ജന പിന്തുണ, പ്രവർത്തനക്ഷമത, ധാർമ്മിക വിശുദ്ധി, ഉപദേശ നിലപാടുകൾ, ഭരണ പരിചയം, അക്കാദമിക് പശ്ചാത്തലം എല്ലാമുള്ളവർ നേതൃത്വത്തിൽ വരും. പണവും സ്വാധീനവും മാനദണ്ഡമല്ലാതെവരും.

ശേഷം പേജ്: 11

# ദുരുപദേശക്കാരെ ഒഴിവാക്കുക ഐ. പി. സി. സ്റ്റേറ്റ് കൗൺസിൽ

കുമ്പനാട്: അടുത്തകാലത്തായി സുവിശേഷ യോഗങ്ങളിൽ ദുരുപദേശക്കാരുടെയും അതിശയോക്തി കലർത്തിയ സാക്ഷ്യങ്ങളിലൂടെയും വിശ്വാസികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നവരുടെയും മതവിദ്വേഷം വർദ്ധിപ്പിക്കുന്നവരുടെയും സാന്നിധ്യം വർദ്ധിച്ചുവരുന്നു. ഇത്തരക്കാരെ ക്ഷണിച്ച് നമ്മുടെ യോഗങ്ങളിൽ സംബന്ധിപ്പിക്കുന്നത് ഒഴിവാക്കണമെന്ന് 2010 ഫെബ്രുവരി 9 ന് കൂടിയ ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. വ്യാജ രോഗശാന്തിക്കാരെയും വേദപുസ്തകത്തെ സ്വതസിദ്ധമായ ശൈലിയിലൂടെ ദുർവ്യാഖ്യാനം ചെയ്യുന്ന ആരോപണ വിധേയരേയും നമ്മുടെ പ്രസംഗവേദികളിൽ നിന്നും ഒഴിവാക്കണം. പ്രസംഗവേദികളിൽ ഇവരുടെ സാന്നിധ്യം പെന്തക്കോസ്ത് സമൂഹത്തിന് അപമാനവും ദൈവ നാമം ദുഷിക്കപ്പെടുന്നതിന് കാരണവും ആകുന്നു.

കലർപ്പില്ലാത്ത സുവിശേഷം പ്രസംഗിക്കുക എന്നതാണ് നമ്മുടെ പ്രഥമവും പ്രധാനവും ആയ ദൗത്യം. അതിൽ നിന്നും ഒഴിഞ്ഞിരിക്കാൻ പാടില്ല. മതവിദ്വേഷവും സ്പർദ്ധയും ഉണ്ടാക്കുന്ന പ്രസംഗങ്ങൾ ഒഴിവാക്കേണ്ടതാണ്. അങ്ങനെയുള്ളവരെ വിശ്വാസികളും ശുശ്രൂഷകന്മാരും തിരിച്ചറിഞ്ഞ് ശുശ്രൂഷകളിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് കൗൺസിലിന്റെ അറിയിപ്പിൽ പറയുന്നു.

ദേവസ്യ മുല്ലക്കര, നസീല ബീവി, കെ. എ. ഏബ്രഹാം തുടങ്ങിയവർക്കെതിരെ മാധ്യമങ്ങൾ ഉയർത്തിയ ആരോപണങ്ങൾ ശരി വെയ്ക്കുന്നതാണ് ഐ. പി. സി. സ്റ്റേറ്റ് കൗൺസിൽ തീരുമാനം.

# ഐ. പി. സി. കർണാടക കൺവൻഷൻ സമാപിച്ചു



ബാംഗ്ലൂർ: ഐ. പി. സി. കർണാടക സ്റ്റേറ്റ് കൺവൻഷൻ ഫെബ്രുവരി 4-7വരെ ബാംഗ്ലൂരിൽ നടന്നു. സീനിയർ ജനറൽ മിനിസ്റ്റർ പാ. റ്റി.റ്റി. ജോസഫ് ഉദ്ഘാടനം ചെയ്തു. വിവിധ യോഗങ്ങളിൽ പാസ്റ്റർ കെ. സി. ജോൺ, ഡോ.ഇടിച്ചെറിയാ നൈനാൻ, റ്റി. ഡി.തോമസ്, ജോയി ഏബ്രഹാം, നൂറുദ്ദീൻ മുള്ള, കെ.എസ്. ജോസഫ്, വർഗീസ് മാത്യു, ഏബ്രഹാം മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. സമാപന യോഗത്തിൽ സ്റ്റേറ്റ് പ്രസിഡന്റ് റവ. സാം ജോർജ്ജ് മുഖ്യസന്ദേശം നൽകി. പി.വൈ. പി. എ., സണ്ടേസ്കൂൾ, സോദരി സമാജം, വാർഷിക മീറ്റിംഗുകളും, പാസ്റ്റേഴ്സ് കോൺഫറൻസും കൺവൻഷനോടനുബന്ധിച്ച് നടത്തപ്പെട്ടു.

# സോൾ വിന്നേഴ്സ് ജനറൽ കൺവൻഷൻ



ബട്വ: സോൾവിന്നേഴ്സ് ഇൻഡ്യാ ജനറൽ കൺവൻഷൻ 2010 ഫെബ്രുവരി 25 മുതൽ 28 വരെ മദ്ധ്യപ്രദേശിലെ ബട്വയിൽ നടക്കും. കൺവൻഷനോടനുബന്ധിച്ച് ബൈബിൾ കോളേജ് ഗ്രാജുവേഷൻ, സഹോദരി സമാജം, സൺഡേസ്കൂൾ, യുവജനവാർഷിക മീറ്റിംഗുകൾ, പാസ്റ്റേഴ്സ് കോൺഫറൻസ്, ലീഡർഷിപ്പ് സെമിനാർ, സുവിശേഷ റാലി തുടങ്ങിയവ നടത്തപ്പെടും. സഭാ ഡയറക്ടർ റവ. ഡോ. കെ. ജെ. ഈശോ ജനറൽ കൺവീനറായുള്ള കമ്മറ്റി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു. ക്ഷേത്ര നഗരമായ ബട്വയിൽ ആദ്യമായി ആണ് കൺവൻഷൻ നടത്തപ്പെടുന്നത്. പ്രമുഖരായ അഭിഷിക്തന്മാർ പ്രസംഗകരായി എത്തും.

# ചർച്ച് ഓഫ് ഗോഡ് എം. ഓ. ഏലിയാസ് സെക്രട്ടറി





മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റിലെ ഭരണ സമതിയായ സ്റ്റേറ്റ് കൗൺസിലിന്റെ സെക്രട്ടറിയായി പാസ്റ്റർ എം.ഓ.ഏലിയാസും ജോയിന്റ് സെക്രട്ടറിയായി പാസ്റ്റർ ജെ.ജോസ

ശേഷം പേജ്: 10

# മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു
## വരിസംഖ്യ തന്നു സഹകരിക്കുക

ബിലീവേഴ്സ് ജേണലിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുന്ന ജോലി നടന്നു വരുന്നു. പുതുക്കാത്തവർ വരിസംഖ്യ തന്ന് സഹകരിക്കുവാൻ ആഗ്രഹിക്കുന്നു. വരിസംഖ്യ കൊണ്ട് മാത്രമാണ് ജേണലിന്റെ പ്രസദ്ധീകരണം നടക്കുന്നതെന്ന് മാന്യവായനക്കാർ മനസിലാക്കുമല്ലോ; വരിസംഖ്യ അടക്കാത്തവർക്ക് മാർച്ച് മാസം കൂടി മാത്രമേ പത്രം അയയ്ക്കുകയുള്ളൂ. വാർഷിക വരിസംഖ്യ 100/- രൂപ. യു.എസ്. എ. 30 ഡോളർ, യു.കെ. - 15 പൗണ്ട്, ഗൾഫ് - 1000/- രൂപ, ആയുഷ്കാല വരിസംഖ്യ ഇന്ത്യയിൽ - 1000/-രൂപ

**Believers Journal**
**Manjdi.P.O., Thiruvalla - 689 105**
**Kerala, India**

ബിലീവേഴ്സ് ജേണൽ
2010

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

എഡിറ്റർ
അനിൽ കൊടിത്തോട്ടം

ബോർഡ് മെംബേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

പബ്ലീഷർ
പീറ്റർ മാത്യു വല്ല്യത്ത്

ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

ലീഗൽ അഡ്വൈസർ
അഡ്വ. ഷാം കുരുവിള

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം

**ബിലീവേഴ്സ് ജേണൽ**

P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com
Website
www.beljourn.com

# എഡിറ്റോറിയൽ



**പാസ്റ്റർ സാംകുട്ടി മാത്യു**
*ചീഫ് എഡിറ്റർ*

## ഇത്തരം സുവിശേഷം പ്രസംഗിക്കരുത്

ഏതു ശുശ്രൂഷയും, ഏത് വിടുതലും ബൈബിൾ വചനത്തിന്റെ വ്യവസ്ഥകൾക്കുള്ളിലുള്ളതാകണം. നിയമത്തിനുള്ളിൽ ഒതുങ്ങി നിൽക്കാത്ത ഒരു ഉണർവ്വും അംഗീകരിക്കാനുമാവില്ല. നാം വസിക്കുന്ന രാജ്യത്തിന്റെ പുരോഗതിക്കായും ഭരണാധികാരികൾക്കായും നാം പ്രാർത്ഥിക്കുന്നവരുമാണ്. സുവിശേഷം പ്രസംഗിക്കുന്നവർ പൊതു സമൂഹത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ മാന്യവും പക്വതയുമുള്ളതായിരിക്കണം. മൈക്കിനുമുമ്പിൽ എത്തിയാൽ എന്തും വിളിച്ചു പറയുവാനുള്ള ലൈസൻസല്ല സുവിശേഷകന്റെ ലേബൽ എന്നതും മറക്കാതിരിക്കുക. നിർമലമായ സുവിശേഷം പ്രസംഗിക്കുക അതിലൂടെ ക്രിസ്തുവിനെ ഉയർത്തുക. സമുദായസ്ഥരെയും മറ്റുള്ളവരെയും ചീത്ത പറയുവാനുമുള്ള വേദിയായി സുവിശേഷയോഗങ്ങൾ മാറരുത്. കുമളി അണക്കരയിൽ നടന്ന ഐ. പി. സി. സെന്റർ കൺവൻഷനിൽ ദേവസ്യമുല്ലക്കരയുടെ പ്രസംഗത്തെത്തുടർന്നുണ്ടായ സംഭവങ്ങൾ ആവർത്തിക്കുവാൻ പാടില്ല. നമ്മുടെ സ്വാതന്ത്ര്യം എന്നത് മറ്റുള്ളവരെ താറടിക്കുവാനുള്ളതല്ല. ദൈവാത്മാവിന്റെ പ്രേരണയാൽ എന്ന ലേബലിലുള്ള ഇത്തരം ശുശ്രൂഷകരെ നിരുത്സാഹപ്പെടുത്തേണ്ട കാലം അതിക്രമിച്ചു. സ്റ്റേജ് മര്യാദകൾ ഇത്തരക്കാർ പഠിക്കണം. ദൈവവചനം വ്യാഖ്യാനിക്കുവാനും പ്രസംഗിക്കുവാനും അതിന്റേതായ ചിട്ടകളുണ്ട്. കെ. എ. ഏബ്രഹാമിന്റെ പതാക പ്രസംഗം ഇന്ന് ഏറ്റവും വലിയ കോമഡിയായി യൂട്യൂബിലുണ്ട്. മൊബൈൽ ഫോണിലൂടെ ഏറ്റവും കൂടുതൽ പ്രചരിക്കുന്ന തമാശയായി ക്യാമ്പസുകളിൽ പരിഹാസ വിഷയമായി ഇത് മാറിക്കഴിഞ്ഞു. ഈ മാതിരി 'സുവിശേഷങ്ങൾ"ക്ക് വേദിയില്ല എന്ന് സംഘാടകർ തീരുമാനിച്ചാൽ ഇത്തരം ഹാസ്യ കഥാപാത്രങ്ങൾ ഒഴിവാകും.

ഐ. പി. സി. സ്റ്റേറ്റ് കൗൺസിൽ ഇത്തരക്കാർക്കെതിരെ എടുത്ത തീരുമാനം അഭിനന്ദനാർഹം ആണ് ചില മാധ്യമങ്ങൾ നയിച്ച പോരാട്ടത്തിന്റെ വിജയം കൂടിയാണിത്. ഇവിടെ സുവിശേഷം പ്രസംഗിക്കപ്പെടണം. ക്രിസ്തീയത മറ്റുള്ളവർ മനസിലാക്കണം. എന്നാൽ ഇന്നു നൽകുന്നതാകട്ടെ മായം കലർന്ന സുവിശേഷം. ഇവിടെ ആവശ്യം മടങ്ങിവരവാണ്. പിതാക്കന്മാർ കാട്ടി തന്ന പാതയിലേക്ക് അഥവാ വചനത്തിന്റെ നിർമ്മല സത്യത്തിലേക്കുള്ള മടങ്ങിവരവ്. കാരണം നമ്മുടെ കർത്താവിന്റെ മടങ്ങിവരവ് വാതിൽക്കലായിരിക്കുന്നു.

---

**അകം പൊരുൾ**



**തോമസ് തോന്നയ്ക്കൽ**

# അസുബായിൽ നിന്നും ഹെബ്സീബായിലേയ്ക്കുള്ള മാറ്റം

ആത്മീയമായും രാഷ്ട്രീയമായും തകർന്ന യെരുശലേമിന്റെ വീണ്ടെടുപ്പിന് വേണ്ടി ഹൃദയനൊമ്പരത്തോടെ പ്രാർത്ഥിക്കുന്ന യെശയ്യാവിന്റെ പ്രതിജ്ഞാവാചകമാണ് യെശയ്യാവ് 62: 1-ഉം 2 - ഉം വാക്യങ്ങളിൽ. അതിപ്രകാരമാണ്: സിയോനെക്കുറിച്ച് ഞാൻ മിണ്ടാതെ ഇരിക്കയില്ല, യെരുശലേമിനെക്കുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല. അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ രക്ഷ, കത്തുന്നവിളക്ക് പോലെയും വിളങ്ങിവരുവോളം തന്നെ ജാതികൾ നിന്റെ മഹത്വത്തെയും കാണും! യഹോവയുടെ വായ് കല്പിക്കുന്ന പുതിയ പേർ നിനക്കു വിളിക്കപ്പെടും. സിയോന്റെ ന്യായം പ്രഭാതം പോലെയും ജറുസലേമിന്റെ രക്ഷ ജ്വലിക്കുന്ന പന്തം പോലെയും പ്രകാശിക്കുന്നതുവരെ അവളെ പ്രതിഞാൻ നിഷ്ക്രിയനോ നിശബ്ദനോ ആയിരിക്കില്ല. ജനതകൾ നിന്റെ നീതികരണവും രാജാക്കന്മാർ നിന്റെ മഹത്വവും ദർശിക്കും. കർത്താവ് വിളിക്കുന്ന ഒരു പുതിയ പേരിൽ നീ അറിയപ്പെടും. കത്തോലിക്കാ പി.ഒ.സി. ബൈബിളിലെ ഈ ഭാഗം കുറച്ച് കൂടെ ആശയം വ്യക്തമാണ്. സിയോന്റെ ദുരന്താവസ്ഥ നോക്കിയിട്ട് പ്രവാചകൻ പറയുന്നത് സിയോന്റെ ന്യായം പ്രഭാതം പോലെയും യെരുശലേമിന്റെ രക്ഷ ജ്വലിക്കുന്ന പന്തം പോലെയും പ്രകാശിക്കുന്നതുവരെ അവളെ പ്രതി നിഷ്ക്രിയനോ നിശബ്ദനോ ആയിരിക്കില്ലെന്ന് പ്രവാചകൻ ദൃഢനിശ്ചയം ചെയ്യുന്നു. ദേശത്തിന്റെ നീതിയ്ക്കും രക്ഷയ്ക്കും വേണ്ടി പ്രവാചകൻ മദ്ധ്യസ്ഥചെയ്തു പ്രാർത്ഥിക്കുന്നു.

സിയോനെ ഞാൻ സ്നേഹിക്കുന്നത് കൊണ്ട് ഞാൻ നിശബ്ദത പാലിക്കുകയില്ല. എന്തുകൊണ്ടെന്നാൽ എന്റെ ഹൃദയം യെരുശലേമിനു വേണ്ടി അതിയായി ആശിക്കുന്നതിനാൽ എനിക്ക് നിശബ്ദനായിരിക്കാൻ കഴിയുകയില്ല. അവളുടെ നീതി പ്രഭാതം പോലെ വിളങ്ങുന്നതിനും അവളുടെ രക്ഷ ജ്വലിക്കുന്ന പന്തം പോലെയും പ്രകാശിക്കേണ്ടതിനും ഞാൻ അവൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നിറുത്തുകയില്ലെന്നാണ് വേറൊരുഭാഷ്യത്തിൽ.

സിയോന്റെ വിണ്ടെടുപ്പിനും വിടുതലിനും വേണ്ടി പ്രാർത്ഥിക്കുന്ന പ്രവാചകൻ സിയോനെ നോക്കി പ്രവചിക്കുന്നു. ജാതികൾ അഥവാ രാജ്യങ്ങൾ (nations)നിന്റെ നീതിയെയും സകല രാജാക്കൻമാരും അഥവാ ലോക നേതാക്കൾ (world leaders) നിന്റെ മഹത്വത്തെയും കാണുമെന്നും പ്രവാചകവാക്യം.

ശത്രുക്കളിൽ നശിക്കപ്പെട്ട് മഹത്വവും പ്രതാപവും നഷ്ടപ്പെട്ട യെരുശലേം വീണ്ടും പണിയപ്പെടും സമാധാനത്തിന്റെയും സമൃദ്ധിയുടെയും നീതിയുടെയും ഒരു പുത്തൻ മശിഹൈകരാജ്യം വരുന്നതിനെ പ്രവാചകൻ ദർശിക്കുന്നു. ജാതികൾ അന്നു യെരുശലേമിന്റെ നീതിയും, മഹത്വവും കാണും. ഇത് സംഭവിക്കുമെന്ന് യഹോവയുടെ വായ് അസംന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുന്നു. അതിൽ മാറ്റമില്ല. അന്ന് സിയോന് ഒരു പുതിയ പേർ ലഭിക്കും. സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും പുതിയപേര്!

**അസുബായും, ശെമാമായും**

സിയോൻ യിസ്രായേൽ രാജാക്കന്മാരുടെ പരമ്പരാഗത തലസ്ഥാനമായി അറിയപ്പെട്ടു. യഹൂദജനത്തിന് വൈകാരികവും ആത്മീയവുമായ ബന്ധം ഈ നഗരിയോടുണ്ട്. (സങ്കീ. 125:1) പുതിയനിയമത്തിൽ നീതി നഗരവും സ്വർഗ്ഗത്തിന് നിഴലുമാണ് (എബ്രാ. 11: 22,28 വെളി 14: 1)

പ്രവാചകന്റെ കാലത്ത് ഈ നഗരം ശത്രുക്കളാൽ നശിപ്പിക്കപ്പെട്ടു. അവർ ദൈവാലയം ചുട്ടു, യെരുശലേമിന്റെ മതിൽ ഇടിച്ചു. അതിലെ അരമനകൾ എല്ലാ തീക്കരിയാക്കി. അതിലെ മനോഹര സാധനങ്ങളൊക്കെയും നശിപ്പിച്ചു കളഞ്ഞു........... എഴുപതു സംവത്സരം തികയുവോളം അതു ശൂന്യമായി കിടന്ന കാലമൊക്കെയും ശബ്ബത്തു അനുഭവിച്ചു. (2ദിനവൃത്താ 36: 19-21)

ശത്രുക്കളാൽ നശിക്കപ്പെട്ട സിയോൻ ശൂന്യമായി കിടന്നു. (As long as she lay desolate she kept sabath.....) അങ്ങനെയാണ് സിയോന് അസുബാ എന്നും ശെമാമാ എന്നും വിളിപേരുണ്ടായത്. അസുബ എന്നതിന് പരിതിക്ത (forsaken) എന്നും ശെമാമായ്ക്കും ശൂന്യാവസ്ഥ (Desolate) എന്നും അർത്ഥം. എല്ലാം നശിച്ച് തകർന്നവളെ എല്ലാവരും മറന്നു കളയുക സ്വാഭാവികം. മഹാരാജാവിന്റെ നഗരിയായ ഉത്തരഗിരിയായി സിയോൻ പർവ്വതം ഉയരം കൊണ്ട് മനോഹരവും സർവ്വ ഭൂമിയുടെയും ആനന്ദവുമായിരുന്നെങ്കിലും (സങ്കീ 48:2) യഹോവയ്ക്കു അനിഷ്ടമായി പ്രവർത്തിച്ചതു കൊണ്ട് സിയോനെ ശത്രുവിന്റെ കയ്യിൽ ഏല്പിച്ചു. അങ്ങനെ ജനപൂർണ്ണയായിരുന്ന നഗരം വിജന പ്രദേശമായി മാറി

അഭിശാപത്തിന്റെ ഈ പേരുമാറ്റി പുതിയ പേരു നൽകുമെന്നാണ് യഹോവയുടെ വായ് കല്പിക്കുന്നത്. പുതിയ പേരു ഹെഫ്സിബാ എന്നും ബെയൂലാ എന്നും ആണ്. ഹെഫ്സീബാ എന്നതിനു സന്തോഷം (Delight) എന്നും ബെയൂല എന്നതിന് വിവാഹസ്ഥ അഥവാ ദൈവത്തിന്റെ മണവാട്ടി (the bride of God) എന്നുമാണ് അർത്ഥം.

യഹോവ സിയോന്റെ അകൃത്യങ്ങളെ ക്ഷമിച്ച് അവളെ പ്രിയങ്കരിയായി കാണുന്നതിനാൽ അവൾക്കു മംഗല്യഭാഗ്യമുദിക്കും. യഹോവയ്ക്കു നിന്നോട് പ്രീയമുണ്ടല്ലോ, നിന്റെ ദേശത്തിനു വിവാഹം കഴിയും. (വാക്യം 4)

സിയോന്റെ ദുരന്തപൂർണ്ണമായ അവസ്ഥമാറി ആഹ്ലാദത്തിന്റെ ദിനങ്ങൾ വരുന്നതിനെക്കുറിച്ച് പ്രവാചകൻ ആലങ്കാരിക ഭാഷയിൽ പറയുന്നു. യൗവ്വനക്കാരൻ കന്യകയെ വിവാഹം ചെയ്യുന്നതും മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുംപോലെ ദൈവം സിയോനെക്കുറിച്ച് സന്തോഷിക്കുന്നതു ആലങ്കാരികമായി വിശേഷിപ്പിക്കുന്നു. പഴയപേരുമാറ്റി പുത്തൻ പേരു നൽകുമെന്നും പഴയ അവസ്ഥ മാറ്റി പുതിയ അവസ്ഥയിലേക്കു മാറ്റുമെന്നതും യഹോവയുടെ

ശേഷം പേജ്: 8

# ആഭിചാരം തിരുവചന വെളിച്ചത്തിൽ

റവ. ഡോ. തോമസ് .കെ. ഐപ്പ്
(യു.എസ്.എ)

ഒരു കാലത്ത് സുവിശേഷത്തിന്റേയും പരിശുദ്ധാത്മ ശക്തിയുടെയും ജീവിത വിശുദ്ധിയുടെയും ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെയും വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിന്റെയും ഒക്കെ സന്ദേശങ്ങളാണ് പെന്തെക്കോസ്തു വേദികളിൽ നിറഞ്ഞു നിന്നിരുന്നതെങ്കിൽ നിർഭാഗ്യമെന്നു പറയട്ടെ ഇന്ന് ആഭിചാരവും കൂടോത്രവും ക്ഷുദ്ര പ്രയോഗങ്ങളും കൈവിഷവും അവയിൽ കൂടിയുള്ള ശത്രുവിന്റെ ബന്ധനവും പോരാട്ടവും ഒക്കെയാണ് മുഴങ്ങികേൾക്കുന്നത്. ഒരു കാലത്ത് പെന്തെക്കോസ്തുകാരുടെ പ്രസംഗങ്ങളിലെ കേന്ദ്ര ബിന്ദു ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവായിരുന്നെങ്കിൽ ഇന്നു ശക്തനായ സാത്താനാണ് ഏവരുടെയും പ്രസംഗത്തിന്റെ കേന്ദ്രബിന്ദു. സാത്താന്റെ ശക്തി പ്രഭാവത്തിന്റെ വർണ്ണനയാണ് മിക്കവാറും എല്ലാ പെന്തെക്കോസ്തു വേദികളും കീഴടക്കിയിരിക്കുന്നത് എന്നു സാരം. അറുക്കുവാനും മുടിക്കുവാനും മോഷ്ടിക്കുവാനുമായി കടന്നു വരുന്ന ബലവാനും ശക്തനുമായവന്റെ ഭീഭത്സരൂപമാണ് പലരും ജനത്തിനു മുൻപിൽ വരച്ചുകാട്ടുന്നത്. അങ്ങനെ ജനത്തെ ഭയത്തിന്റെ മുൾമുനയിൽ നിർത്തി അവരെ ചൂഷണം ചെയ്ത് കീശ വീർപ്പിക്കുന്ന വ്യാജന്മാരാണ് മേൽപ്പറഞ്ഞ ക്ഷുദ്രപ്രയോഗങ്ങളുടെ ഒക്കെ പ്രമോട്ടറന്മാർ വലിയ വിശ്വാസികളെന്നു വീമ്പിളക്കുന്നവർ പോലും ആഭിചാരത്തിന്റെയും കൈവിഷത്തിന്റെയും കൂടോത്രത്തിന്റെയും ക്ഷുദ്രപ്രയോഗത്തിന്റെയും ഒക്കെ വിഷയം വരുമ്പോൾ വ്യാജന്മാർ നിർദ്ദേശിക്കുന്ന പരിഹാര ക്രീയകൾ ചെയ്യുവാൻ തയ്യാറായിവരുന്ന കാഴ്ച ധാരാളം കണ്ടിട്ടുണ്ട്. അത്രമാത്രം ഭയമാണ് ജനത്തിന് ഇത്തരം വിഷയങ്ങൾ. ദൈവത്തെക്കാളുപരി പിശാചിനെ വിശ്വസിക്കുകയും ഭയപ്പെടുകയും ചെയ്യുന്നവരാണ് ഇന്ന് ആത്മീയ ഗോളത്തിലധികവും ജനം അറിഞ്ഞോ അറിയാതെയോ ഇത്തരം വിഷയങ്ങളിൽ വിശ്വസിച്ചുപോകുന്നു. അല്ലെങ്കിൽ തന്ത്രപരമായി അവരെ വ്യാജന്മാർ വിശ്വസിപ്പിക്കുന്നു. ഈ സ്ഥിതിയിലാണ് തിരുവചന വെളിച്ചത്തിൽ ഈ വിഷയം ചിന്തിക്കേണ്ടത്.

ആഭിചാരത്തെക്കുറിച്ചും മന്ത്രവാദത്തെക്കുറിച്ചും ലക്ഷണവിദ്യയെക്കുറിച്ചും ക്ഷുദ്രപ്രയോഗങ്ങളെക്കുറിച്ചും ഒക്കെ ധാരാളം പരാമർശങ്ങൾ നാം തിരുവചനത്തിൽ കാണുന്നു. സാത്താനും അവന്റെ ദുഷ്ടാത്മ സേനയ്ക്കും ഒരു പരിധിവരെ ശക്തിയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും ദൈവത്തിന്റെ ശക്തിയെ മറിക്കടക്കുവാനോ അതിജീവിക്കുവാനോ ഒരിക്കലും അവനാവില്ല. പിശാചിന് ദൈവത്തെക്കുറിച്ചു അവന്റെ ശക്തിയെക്കുറിച്ചും വ്യക്തമായ അറിവുണ്ടെന്നു മാത്രമല്ല ദൈവത്തിന്റെ മുന്നിൽ അവൻ വിറെയ്ക്കുകയും ചെയ്യുന്നു എന്നു തിരുവചനം സ്പഷ്ടമാക്കുന്നു. (യാക്കോ 2:19; പുറ 7:10–12) സാത്താനും പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം നാം മറക്കരുത്. എന്താണ് ആഭിചാരം എന്നും തിരുവചനാടിസ്ഥാനത്തിൽ അതിന്റെ പ്രസക്തി എന്താണെന്നും അതിന് ശക്തിയുണ്ടോ? അഥവാ ഉണ്ടെങ്കിൽ അതാർക്കൊക്കെയാണു ഫലിയ്ക്കുന്നത് എന്നിത്യാദി വിഷയങ്ങളെക്കുറിച്ച് ദൈവജനത്തിന് വ്യക്തമായ അറിവും കാഴ്ചപ്പാടുമുണ്ടായിരിക്കണം. സാത്താനെയും അവന്റെ ദുഷ്ട ശക്തികളെയും ഉപയോഗിച്ച് ശത്രുക്കളെ ക്ലേശിപ്പിക്കുവാനും ഇല്ലായ്മ ചെയ്വാനും നശിപ്പിക്കുവാനുമുദ്ദേശിച്ചുള്ള ദുഷ്ചെയ്തികളെയാണ് ആഭിചാരം. മന്ത്രവാദം, ക്ഷുദ്രം പ്രശ്നം വെയ്പ് എന്നിത്യാദി പേരുകളിൽ അറിയപ്പെടുന്നത്. ഇംഗ്ലീഷിൽ sorcery, occultism, mysticism, witchcraft, enchantment, black magic, black art, necromancy, wizardry, divination, witchery എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്നു. മലയാളികൾ ഇതിന് കൂടോത്രമെന്നും കൈവിഷമെന്നും കൂടി പേരു നൽകിയിട്ടുണ്ട്. പ്രത്യക്ഷത്തിൽ പലതാണെന്നു തോന്നുമെങ്കിലും ഉദ്ദേശത്തിലും ലക്ഷ്യത്തിലും അർത്ഥത്തിലും അന്തസ്സത്തയിലുമൊക്കെ ഒരേ വിഷയം തന്നെയാണെന്നുള്ളതിൽ സംശയമൊന്നുമില്ല. തിരുവചനത്തിലുടനീളം ഇവയെക്കുറിച്ച് നാം കാണുന്നുണ്ട്. പുറ 7:11, സംഖ്യ 23:23, ആവ 18:10, യെശ 47:9–15, യിരെ. 27:9, 14:14, ദാനി 2:2, മലാ 3:5, പ്രവ. 8:9,11, വെളി. 21:3,8, 22:15 തുടങ്ങി അനേക ഭാഗങ്ങൾ അതിനു തെളിവാണ്.

ആഭിചാരം ആർക്കാണു ഫലിക്കുന്നതെന്നത് എല്ലാവരുടെയും ഒരു പ്രധാന പ്രശ്നമാണ്. ആഭിചാരം യാക്കോബിനും ലക്ഷണവിദ്യ യിസ്രായേലിനും ഫലിക്കുകയില്ലാ എന്നു തിരുവചനം ഖണ്ഡിതമായി പറയുന്നു (സംഖ്യ 23:23) എന്താണ് യാക്കോബിന് അഥവാ യിസ്രായേലിനുള്ള പ്രത്യേകത. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും തന്റെ സ്വന്ത ജനമായി ദൈവ

ശേഷം പേജ്: 10

യുവജന പംക്തി

# പദ്ധതികളും യഥാർത്ഥ ശിഷ്യത്വവും



ബിനു ജോസഫ് വടശ്ശേരിക്കര

പദ്ധതി (Planning) എന്നത് ഏതൊരു സംരംഭത്തിന്റെയും വിജയത്തിന്റെ തുടക്കമാണ്. നല്ല പദ്ധതികൾ ഇല്ലാത്ത സംരംഭങ്ങൾ പരാജയത്തിൽ കലാശിക്കുന്നു. “Today’s preparation determines tomorrows achievement”എന്നത് യഥാർത്ഥ്യമാണ്. ജീവിതത്തിൽ ലക്ഷ്യങ്ങളും അവ നേടാൻ പദ്ധതികളും ഉള്ളവരാണ് വിജയം നേടുന്നത്.

ജെസ്സി ഓവൻസ് എന്ന നീഗ്രോ യുവാവ് ജീവിതത്തിൽ വിജയത്തിന്റെ പടവുകൾ കയറുവാനാഗ്രഹം പ്രകടിപ്പിച്ചപ്പോൾ തന്റെ അദ്ധ്യാപകൻ നാല് ഉപദേശങ്ങൾ നൽകി.

1. ഉറച്ച തീരുമാനം വേണം.
2. അതിനായി നിന്നെ സമർപ്പിക്കണം.
3. വേണ്ട ശിക്ഷണം പാലിക്കണം
4. നിന്റെ മനോഭാവവും ആഗ്രഹവും ഇതിനനുസരിച്ചാകണം.

നീണ്ട നാളത്തെ പരിശ്രമത്തിനൊടുവിൽ 1936-ൽ ബെർലിനിൽ വച്ച് നടന്ന ഒളിംപിക്സിൽ ലോക റിക്കോർഡ് സ്ഥാപിച്ച് തന്റെ ആഗ്രഹം സഫലീകരിച്ചു.

കാര്യങ്ങളെപ്പറ്റി നല്ല രീതിയിൽ പദ്ധതികൾ തയ്യാറാക്കുന്നത് ക്രിസ്തീയമല്ല എന്ന് ചിന്തിക്കുന്നവരും ഉണ്ട്. ഏതു കാര്യവും വരുന്നതു പോലെയാകട്ടെ എന്നു കരുതുന്നവർ. എന്നാൽ മുൻകൂട്ടി കാര്യങ്ങളെ മനസ്സിലാക്കി വ്യക്തമായ പദ്ധതികളും, കണക്കുകൂട്ടലുകളും ഉള്ളവർക്ക് മാത്രമാണ് ജീവിതത്തിൽ ലക്ഷ്യങ്ങൾ നേടുവാൻ കഴിയുന്നത്.

ഏതൊരു പ്രവർത്തനത്തിനും നല്ല പദ്ധതികൾ ആവശ്യമാണ്. യേശുവിന്റെ ദാർശനിക ചിന്തകളിൽ പ്രധാനമായ ഒന്നായിരുന്നു ശരിയായ പദ്ധതി തയ്യാറാക്കൽ ലൂക്കോസ് 14:28–35 വരെ ഇതെപ്പറ്റി പരാമർശിക്കുന്നു.

ഗോപുരം പണിയുന്ന ഒരാൾ, പണി ആരംഭിക്കും മുമ്പ് ഇരുന്ന് അത് പൂർത്തീകരിക്കുവാൻ വേണ്ട ധനം ഉണ്ടോ എന്ന് കണക്കു നോക്കുന്നതായും അല്ലായെങ്കിൽ അടിസ്ഥാനം ഇട്ടശേഷം പൂർത്തീകരിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥയും മറ്റുള്ളവർ പരിഹസിക്കുന്നതിനെയും ചൂണ്ടിക്കാണിക്കുന്നു.

രണ്ടാമതായി മറ്റൊരു രാജാവുമായി യുദ്ധത്തിന് പുറപ്പെടും മുമ്പ് ഇരുപതിനായിരവുമായി വരുന്നവനെ പതിനായിരവുമായി നേരിടുവാൻ കഴിയുമോ? എന്ന് ആലോചിക്കുന്ന ഉദാഹരണവും കാണാം. ഈ ഉദാഹരണങ്ങളിൽ നിന്ന് യേശുവിന്റെ ദാർശനിക ചിന്തയിൽ പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാധാന്യം എടുത്ത് പറയുന്നു. ഇവിടെ ശിഷ്യത്വത്തിന് മുഖ്യസ്ഥാനം നൽകുന്നുവെങ്കിലും ഈ ഉദാഹരണം ഏതു സാഹചര്യത്തിലേക്കും അഭികാമ്യം തന്നെ.

ഏതൊരു വ്യക്തിയുടെയും ജീവിത വിജയത്തിന് ശരിയായ പദ്ധതികൾ അത്യാവശ്യം തന്നെ. വരുന്ന വഴിക്ക് ചെയ്യുന്നവരും, അപ്രകാരം പോകുന്നവരും പലപ്പോഴും പരാജയപ്പെടാം. എന്നാൽ വ്യക്തമായ കാഴ്ചപ്പാടും പദ്ധതിയും, പ്രവൃത്തനനിരതമായ മനസ്സും ഉള്ളവർ വിജയിക്കുന്നതായും കാണാം. മുകളിൽ കാണപ്പെട്ട ഉദാഹരണങ്ങളെ താഴെപറയും പ്രകാരം വിവക്ഷിക്കാം.

തോമസുകുട്ടി തന്റെ പുതിയ വീടിനായി പദ്ധതി മെനഞ്ഞു. രണ്ടു നില കെട്ടിടം, മുറികൾ ആറെണ്ണം, അടുക്ക, കുളിമുറി, ഹാൾ എല്ലാം വിശാലമായി തന്നെ. പണികൾ ഓരോന്നായി ആരംഭിച്ചു. തൂണുകൾ കെട്ടി. അടിത്തറ കഴിഞ്ഞപ്പോൾ പണം കാലിയായി. പണികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ടു. കൂലി ലഭിക്കാതെ കുറെ തൊഴിലാളികളും നോക്കുകുത്തിയായി ഉയർന്നു നിൽക്കുന്ന തൂണുകളും നാട്ടുകാർക്ക് ഒരു കാഴ്ചയായി.

ജീവിതത്തിൽ ഇപ്രകാരം പദ്ധതികൾ ഇല്ലാതെ യാത്ര ചെയ്ത് താളം തെറ്റുന്നവർ അനവധിയാണ്. നാളെകൾ നമുക്കുള്ളതല്ല എന്നത് ശരിയാണെങ്കിലും നാളെകൾ ലഭിച്ചാൽ അത് എപ്രകാരം ആയിരിക്കണം എന്ന് മുൻകൂട്ടി ആലോചിക്കണം.

നല്ല നാളെകൾക്ക് ഇന്നത്തെ ശരിയായ കണക്കുകൂട്ടലുകൾ ആവശ്യമാണ്. “ഇന്നുകൾ നമ്മുടെ നാളെകൾ നിശ്ചയിക്കുന്നു” എന്നത് വളരെ അർത്ഥവത്താണ്.

“Rome was not built in a day” എന്നതും നാം സാധാരണ കേൾക്കാറുള്ള ഒരു പ്രയോഗമാണ്. റോം എന്ന പുരാതന പട്ടണത്തെ ഉന്നതിയിലും പ്രശസ്തിയിലും എത്തിക്കുവാൻ നീണ്ട പദ്ധതികളും നാളുകളും ആവശ്യമായി വന്നു.

“Excellence is not an accident” (മികവ് ഒരിക്കലും യാദൃശ്ചികമല്ല.)

യേശു തന്റെ പഠിപ്പിക്കലുകളിലും ഉപമകളിലും മുൻകൂട്ടി തയ്യാർ ചെയ്യുന്ന ജീവിതത്തെപ്പറ്റി പറയുന്നുണ്ട്. മുമ്പ് പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങളെല്ലാം ശിഷ്യത്വത്തിന്റെ യഥാർത്ഥ ചുവടിനെപ്പറ്റി ഓർമ്മിക്കുന്നവയാണെങ്കിലും പ്രതിദിന ജീവിതത്തിലേക്കുള്ള നല്ല ചില ചിന്തകളാണ്. വേണ്ട കണക്കു കൂട്ടലുകൾ കൂടാതെ പരാജയത്തിലും തകർച്ചയിലും ചെന്നടിയുന്നവർക്ക് നേരിടേണ്ടി വരുന്ന പരിഹാസത്തെപ്പറ്റിയും യേശു ഇവിടെ വിവരിക്കുന്നുണ്ട്.

**ശിഷ്യത്വത്തിലെ ദാർശനികത**

യേശുവിന്റെ ശിഷ്യനാകുന്നതിനും അനേക കണക്കു കൂട്ടലുകൾ വേണം. അതാണ് യേശു ഇവിടെ വിശദീകരിക്കുന്നത്.

1. ബന്ധുക്കളെയെല്ലാം തള്ളിക്കളയണം. (ലൂക്കൊ.14:25)
2. സ്വന്തജീവനെ ത്യജിക്കണം (ലൂക്കൊ.14:26)
3. യേശുവിന്റെ ക്രൂശ് എടുത്ത് പിൻ ചെല്ലണം (ലൂക്കൊ. 14:27)
4. തനിക്കുള്ളതെല്ലാം വിട്ടു പിരിയണം (ലൂക്കൊ.14:33)

മുകളിൽ പറഞ്ഞതെല്ലാം വിട്ടു പിരിയാനും ത്യജിക്കാനുമുള്ള തയ്യാറെടുപ്പിലാണ് ശിഷ്യത്വത്തിന്റെ ആദ്യ പടിയെങ്കിൽ ജീവിതത്തിൽ വരുവാനുള്ള പ്രതിസന്ധികളെയും പ്രശ്നങ്ങളെയും തരണം ചെയ്യുവാനുള്ള ഒരുക്കമാണ് രണ്ടാമത്തേത്. ഇവിടെയാണ് യഥാർത്ഥ കണക്കുകൂട്ടലിന്റെ ആവശ്യകത.

ഇന്നത്തെ ക്രൈസ്തവ ദാർശനികതയിലെ തെറ്റും അതു തന്നെയാണ്. ക്രിസ്തീയ മാർഗ്ഗത്തെ ധനാഗമന-സുഖലോലുപതയുടെ മാർഗ്ഗമായി ചിത്രീകരിച്ച് ജനത്തെ ആകർഷിക്കുന്നു. പക്ഷേ ഈ പുതിയ വിശ്വാസികൾ ജീവിതത്തിൽ പലതും വിട്ടുപിരിയുന്നില്ല. വിട്ടുപിരിയുന്നവരിൽ പലരും ജീവിതത്തിൽ പ്രശ്നങ്ങളെ തരണം ചെയ്യുവാൻ കഴിയാതെ വിശ്വാസം ത്യജിക്കുന്നവരും ഉണ്ട്.

യേശുവിന്റെ കാലത്തും മുകളിൽ പറഞ്ഞ പലതും സ്വീകാര്യമല്ലാത്തവർ യേശുവിനെ വിട്ടു പിരിഞ്ഞു. എന്നാൽ ശിഷ്യത്വത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കിയവർ യേശുവിനോടുകൂടെ നിന്നു.

ജീവിതത്തിൽ കഷ്ടം സഹിക്കുവാനുള്ള തയ്യാറെടുപ്പാണ് ഒറ്റവാക്കിൽ ക്രിസ്തീയ ശിഷ്യത്വത്തിലെ ദാർശനികതയുടെ അടിസ്ഥാനം. ഈ കഷ്ടതയെ തരണം ചെയ്യണമെങ്കിൽ ദൈവാശ്രയവും വ്യക്തിപരമായ വിശ്വാസവും സഹിഷ്ണുതയും ആവശ്യമാണ്.

*ജോൺ ബനിയൻ എന്ന ക്രിസ്തുഭക്തൻ യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വത്തിന്റെ ആഴം മനസ്സിലാക്കിയത് നീണ്ട പന്ത്രണ്ട് വർഷങ്ങൾ ജയിലിൽ കിടന്നപ്പോഴാണ്. ജയിൽ വാസത്തെ ജീവിതമാക്കി ‘പരദേശി മോക്ഷയാത്ര’ എന്ന ഗ്രന്ഥം രചിക്കുമ്പോൾ യഥാർത്ഥ ക്രൈസ്തവ*

ശേഷം പേജ്: 04

## അവാർഡ് ലഭിച്ചു




അടിമാലി: 2009 വർഷത്തിലെ അംബേദ്ക്കർ ദേശീയ സാഹിത്യ അക്കാഡമി അവാർഡ് പാസ്റ്റർ സുബാഷ് ആനാരിയ്ക്ക് ലഭിച്ചു. "ദലിത് ദൈവശാസ്ത്രത്തിന്റെ സ്വാധീനം ദലിത് ക്രൈസ്തവരിൽ" എന്ന പ്രബന്ധത്തിനാണ് അവാർഡ് ലഭിച്ചത്. 2009 ഡിസംബർ 8 ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ അരുണാചൽ ഗവർണ്ണർ ഡോ. എസ്. പി. സമുനാഷ്കർ അവാർഡ് നൽകി. പാസ്റ്റർ സുബാഷ് ആനാരി ചർച്ച് ഓഫ് ഗോഡ് രാജാക്കാട് സഭാ ശുശ്രൂഷകൻ, വേദാദ്ധ്യാപകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## പ്രകാശനം ചെയ്തു

തിരുവല്ല: മാത്യു പാലത്തുങ്കൽ രചിച്ച "101 പ്രസംഗങ്ങൾ" എന്ന ഗ്രന്ഥം ഡിവൈൻ കൗൺസിലർ ചീഫ് എഡിറ്റർ പാസ്റ്റർ റെജി മാത്യു, ചെന്നൈ, മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂരിനു നൽകി പ്രകാശനം ചെയ്തു. റീഡേഴ്സ് പബ്ലിക്കേഷൻസ് എഡിറ്റർ രാജു ആനിക്കാട്, സത്യം പബ്ലിക്കേഷൻസ് മാനേജർ ഏബ്രഹാം മർക്കോസ് എന്നിവർ സന്നിഹിതരായിരുന്നു. ഗ്രന്ഥകാരനും ഗ്രന്ഥപരിഭാഷകനുമായ മാത്യു പാലത്തുങ്കലിന്റെ മൂന്നാമത്തെ ഗ്രന്ഥമാണിത്. റീഡേഴ്സ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ആദ്യ ഗ്രന്ഥമായ "100 പ്രസംഗങ്ങൾ" 5 പതിപ്പുകളിലായി അയ്യായിരത്തിലധികം കോപ്പികൾ വിറ്റിരുന്നു. ചെറുകഥാ സമാഹാരമായ "ശിശിര സന്ധ്യകൾ' റീഡേഴ്സ് പബ്ലിക്കേഷൻസ് ആണു പ്രസിദ്ധീകരിച്ചത്..

## ഭാരവാഹികൾ

ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സെന്ററിന്റെ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. പാസ്റ്റർ ഏബ്രഹാ ജോർജ് ( പ്രസിഡന്റ്), പാസ്റ്റർ എൻ. സ്റ്റീഫൻ (വൈസ്പ്രസിഡന്റ്), പാസ്റ്റർ പി. എം. ഷാജിമോൻ (സെക്രട്ടറി), ബ്രദർ കെ. ജോയി (ജോ. സെക്രട്ടറി), ബ്രദർ ജേക്കബ് അലക്സാണ്ടർ (ട്രഷറർ) എന്നിവരാണ് എക്സിക്യൂട്ടീവ് അംഗങ്ങൾ. ഇവരെക്കൂടാതെ 18 ശുശ്രൂഷകരും 18 സഹോദരന്മാരും സമിതിയിൽ അംഗങ്ങളാണ്. പബ്ലിസിറ്റി കൺവീനറായി സുവി. ഈപ്പൻ ഡാനിയേൽ (തലവടി) നിയോഗിക്കപ്പെട്ടു

## ജനറൽ കൺവൻഷൻ

ഗ്ലോബൽ മിഷൻസ് ഇൻഡ്യാ ദൈവസഭ ജനറൽ കൺവൻഷൻ 2010 ഫെബ്രുവരി 25 വ്യാഴം മുതൽ 28 ഞായർ വരെ (മല്ലപ്പള്ളി) നെടുങ്ങാടപ്പള്ളി ദി ബെഥേൽ ചർച്ച് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നതാണ്. ഉദ്ഘാടനം റവ പി.എം. ബേബി (ജി.എം.ഐ ഓവർസീയർ, ഏലപ്പാറ), റവ.റ്റി.പി ആൻഡ്രൂസ് (ജി.എം.ഐ ചെയർമാൻ) ന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന കൺവൻഷനിൽ പാസ്റ്റർ തോമസ് മാമൻ (കോട്ടയം), പാസ്റ്റർ ഏബ്രഹാം തോമസ് (തിരുവനന്തപുരം), റവ. രാജു മാത്യു (മുംബയ്), സിസ്റ്റർ പെറ്റി പഫോർഡ് (യു.എസ്.എ) എന്നിവരും മറ്റ് അനുഗ്രഹീതരായ ദൈവദാസന്മാരും ദൈവവചനം ശുശ്രൂഷിക്കും. ഗ്ലോബൽ മിഷൻസ് ഇൻഡ്യാ ക്വയർ ഗാനങ്ങൾ ആലപിക്കും. ശുശ്രൂഷകസമ്മേളനം, സോദരി സമാജം, യുവജന സമ്മേളനം, സണ്ടേസ്കൂൾ സമ്മേളനം, സംയുക്ത സഭായോഗം, കർത്തൃമേശ എന്നിവ ഉണ്ടായിരിക്കും. കൺവൻഷന്റെ അനുഗ്രഹകരമായ വിജയത്തിനു വേണ്ടി പാസ്റ്റർ കെ.പി ജോയി (മല്ലപ്പള്ളി സെന്റർ പാസ്റ്റർ) കൺവീനറായി 30ൽ പരം അംഗങ്ങളുള്ള കമ്മറ്റി പ്രവർത്തിച്ചു വരുന്നു.

## പിഎച്ച്.ഡി.നേടി

കോഴിക്കോട്: കാലിക്കട്ട് സർവ്വകലാശാലയിൽ നിന്നും ഹിന്ദിയിൽ ടീന ബാബു പിഎച്ച്.ഡി. നേടി. പരിസ്ഥിതിയും വികസനവും നേരിടുന്ന വെല്ലുവിളികൾ: ഹിന്ദി നോവലുകളുടെ അടിസ്ഥാനത്തിൽ ഒരു പഠനം എന്ന വിഷയത്തിലാണ് ഡോക്ട്രേറ്റ്. കോഴിക്കോട് തൊണ്ടയാട് ശാരോൺഫെലോഷിപ്പ് സഭാംഗമായ ടീന ഐ.സി.പി.എഫ് സ്റ്റുഡന്റ് കൗൺസിലർ ബാബു ഡാനിയേലിന്റ് സഹധർമ്മിണിയാണ്. മകൾ: അർപ്പിത സേറ.

## വി.ബി. എസ്. നേതൃത്വ പരിശീലനം

കുമ്പനാട്: ഐ. പി. സി. സണ്ടേസ്കൂൾസ് അസ്സോസിയേഷന്റെ ചുമതലയിലുള്ള പെന്തെക്കോസ്തു വി. ബി. എസ്. മൂന്നാം വർഷത്തെ പ്രവർത്തനങ്ങൾ സജീവമായി പുരോഗമിച്ചു വരുന്നു. കഴിഞ്ഞ വർഷങ്ങളിൽ അൻപതിനായിരത്തിൽ പരം കുട്ടികൾക്കു ദൈവവചനം നൽകി. ഈ വർഷവും ബിഗിനർ, പ്രൈമറി, ജൂനിയർ ഇന്റർമീഡിയറ്റ്, സീനിയർ എന്നീ അഞ്ച് വിഭാഗങ്ങളിലായി പത്ത് ദിവസം നീണ്ടു നിൽക്കുന്ന വി. ബി. എസ്. ക്ലാസ്സുകൾക്കാവശ്യമായ അദ്ധ്യാപക സഹായി, കുട്ടികൾക്കുള്ള വർക്ക് ബുക്കുകൾ, പാട്ട് പുസ്തകം, സി. ഡി., വി.സി.ഡി. തുടങ്ങി ആവശ്യമായ എല്ലാ പഠന സാമഗ്രികളും തയ്യാറായി കഴിഞ്ഞു "ലക്ഷ്യത്തിലേക്ക് മുന്നേറുക" എന്നതാണ് ചിന്താവിഷയം.

ഈ വർഷത്തെ മാസ്റ്റർ ട്രെയിനിംഗ് 2010 മാർച്ച് ഒന്ന് തിങ്കൾ മുതൽ മൂന്ന് ബുധൻ വരെ മല്ലപ്പള്ളി സീയോൻ ബൈബിൾ കോളേജിൽ വച്ചു നടക്കും.

## സെന്റർ കൺവൻഷൻ

ഒറ്റപ്പാലം: ഐ. പി. സി. ഒറ്റപ്പാലം സെന്റർ കൺവൻഷൻ ഫെബ്രുവരി 10 – 14 വരെ കണ്ണിയാമ്പുറം ഹെബ്രോൻ ഹാൾ അങ്കണത്തിൽ നടന്നു. പാസ്റ്റർ സി. എം. സാമുവേൽ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ കെ. എസ്. അബ്രഹാം, രാജൂ പൂവക്കാലാ, ബിജി അഞ്ചൽ, സാബു സാമുവേൽ എന്നിവർ പ്രസംഗിച്ചു. കർമേൽ വർഷിപ്പേഴ്സ് ഗാനങ്ങൾ ആലപിച്ചു. കൺവൻഷനോടനുബന്ധിച്ച് ശനിയാഴ്ച സഹോദരി സമ്മേളനവും ഇവാഞ്ചലിസം ബോർഡ് മീറ്റിംഗും നടന്നു; ഞായറാഴ്ച രാവിലെ സംയുക്ത സഭായോഗവും ഉച്ചകഴിഞ്ഞ് സണ്ടേസ്കൂൾ വാർഷികവും നടത്തപ്പെട്ടു.

## ചോദ്യോത്തര വേദി



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

## സുവിശേഷ വേലചെയ്യുന്നവർ മറ്റു തൊഴിലുകൾ ചെയ്യാമോ?

ചോദ്യം: ഞാനൊരു സുവിശേഷകനാണ്. പ്രത്യേകിച്ച് വരുമാനമൊന്നുമില്ല. വിശ്വാസത്താലുള്ള ജീവിതമാണ്. ജോലിയൊന്നും ചെയ്യാൻ താല്പര്യമില്ലാത്തതുകൊണ്ടാണ് സുവിശേഷ ലഘുലേഖകളും കൊണ്ട് നടക്കുന്നതെന്ന് നാട്ടുകാരും ബന്ധുക്കളും കളിയാക്കാറുണ്ട്. ഉറക്കം കുറവാണ്. ഈ അവസ്ഥയ്ക്ക് എന്ത് മറുപടി പറയും?

സുവി.മാത്യു ജോർജ്ജ്, വാകത്താനം

ഉത്തരം: വരുമാനം **ഏറ്റവും കുറച്ചു** നിശ്ചയിച്ചിരിക്കുന്ന തൊഴിലാണ് സുവിശേഷവേല. (1 തിമൊ 6:8) കർത്താവ് നിയോഗിച്ചാൽ മാത്രമേ, കുറഞ്ഞ വേതനത്തിൽ ജോലിചെയ്യാൻ സന്തോഷം തോന്നുകയുള്ളൂ. കർത്താവിന്റെ നിയോഗമില്ലാതെയും നമ്മുടെ മറ്റു പല **ദുരാഗ്രഹങ്ങൾ** സാധിക്കാൻ വേണ്ടിയും സുവിശേഷ വേല ചെയ്യും (ഫിലിപ്പിയർ 1:17). **മറ്റുള്ളവരുടെ ആദരവ് നേടി** സുവിശേഷ വേല ചെയ്യണമെന്നുണ്ടെങ്കിൽ, ദിവസവും രണ്ട് മണിക്കൂറെങ്കിലും എന്തെങ്കിലും പണി ചെയ്ത് കൂലി വാങ്ങി ഉപജീവനം കഴിച്ചിട്ട് സുവിശേഷവേല ചെയ്യുക (1 തെസ്സലോനിക്യർ 4:11,12 വായിക്കുക) അപ്പൊസ്തോലനായ പൗലോസ് സാമ്പത്തികം കുറഞ്ഞ വിശ്വാസികൾക്ക് ഭാരമായിത്തീരാതിരിക്കാൻ, രാവും പകലും പണിയെടുത്ത ശേഷമാണ് കർത്താവിനെ പ്രസംഗിച്ചത് (1 തെസ്സ 2:9)

സ്വന്തം കൈകൊണ്ട് വേല ചെയ്യാൻ മടി കാണിച്ചാൽ, നിങ്ങൾ വലിയ താമസമില്ലാതെ **മോഷ്ടിക്കും;** പണമുള്ള വിശ്വാസികളുടെയും അവിശ്വാസികളുടെയും വീട്ടിൽ പോയി **ഞെട്ടുന്ന നാടകീയ അനുഭവങ്ങളും കള്ളസാക്ഷ്യങ്ങളും കള്ള പ്രവചനങ്ങളും** പറഞ്ഞ് പണം തട്ടാൻ നോക്കും. (എഫേ. 4:28). കപടജീവിതം കുറെനാൾ നയിച്ചുകഴിയുമ്പോൾ, ദൈവത്തെ സന്തോഷിപ്പിച്ചിരുന്ന ആദ്യകാലജീവിതവും ശുശ്രൂഷയും അവസാനിക്കും. പിന്നെ, പുറംതോട് ദൈവികമെന്ന് തോന്നുമെങ്കിലും, **അപ്പൊ. പ്രവർത്തി 16:16 ലെ അടിമപെൺകുട്ടിയിൽ പരിവർത്തിച്ച ആത്മാവിലായിരിക്കും** പിന്നീടുള്ള ശുശ്രൂഷകൾ. ദൈവത്തോടും മനുഷ്യരോടും നിരപ്പുപ്രാപിക്കാത്ത ദൈവവേലക്കാരെയെല്ലാം ഈ ഗണത്തിലാണ് ഞാൻ പെടുത്തിയിരിക്കുന്നത്. പത്രോസ് അപ്പൊസ്തലൻ കർത്താവായ യേശുവിന്റെകൂടെ **നടക്കുമ്പോൾ തന്നെ** രണ്ടുപ്രാവശ്യം സാത്താന്റെ സ്വാധീനത്തിൽ പ്രഭാഷണം നടത്തുകയും, കർത്താവ് പത്രോസിനെ അത് അറിയിക്കുകയും ശാസിക്കുകയും ചെയ്തു. (മത്തായി 16:22,23; ലൂക്കോസ് 22:31 –34)

തൊഴിൽ ചെയ്ത് ജീവിക്കണമെന്നുള്ളത് അപ്പൊസ്തലിക കല്പനയാണ്. തൊഴിലൊന്നും ചെയ്യാതെ ജീവിക്കുന്നവരുമായി **അകന്നുനില്ക്കണമെന്നുള്ളതും** അപ്പൊസ്തോലിക കല്പനയാണ്. (1 തെസ്സ 3:6 –15)

ഉറക്കം കിട്ടണമെന്നുണ്ടെങ്കിൽ സഭാ പ്രസംഗി 5:12 അനുസരിച്ചാൽ മതി. **"വേല ചെയ്യുന്ന മനുഷ്യൻ** അല്പമോ അധികമോ ഭക്ഷിച്ചാലും **അവന്റെ ഉറക്കം സുഖകരമാണ്;** ധനവാന്റെ സമൃദ്ധിയോ അവനെ ഉറങ്ങുവാൻ സമ്മതിക്കുന്നില്ല" (സഭാപ്രസംഗി 5:12)

## പദ്ധതികളും യഥാർത്ഥ .... 3 –ാം പേജ് തുടർച്ച

*ദർശനം അതിൽ പ്രതിഫലിച്ചു. 'കഷ്ടത' എന്നത് ക്രിസ്തീയ ജീവിതത്തിന്റെ ആകെ തുകയായി കണ്ടു.*

*അതു തന്നെയായിരുന്നു അഡോണിറാം ജഡ്സൺ എന്ന സുവിശേഷകന്റെയും വില്യം കേറിയുടെയും ഡേവിഡ് ലിവിംഗ്സ്റ്റണിന്റെയും ഗ്രഹാം സ്റ്റെയിൻസിന്റെയും എല്ലാം ജീവിതം.*

'ജീവിക്കുന്ന രക്തസാക്ഷി' എന്നറിയപ്പെട്ടിരുന്ന റിച്ചാർഡ്വുംബ്രാണ്ടിന്റെ ജീവിതം നൽകുന്ന സാക്ഷ്യം സുവിശേഷത്തിനുവേണ്ടിയുള്ള കഷ്ടവും തടവും വെടിയുണ്ടകളും എല്ലാം ക്രിസ്തീയതയുടെ ഭാഗമാണെന്നാണ്.

ഈ യഥാർത്ഥ്യത്തെ വൈകി അംഗീകരിച്ചവരാണ് ക്രിസ്തു ശിഷ്യർ. അതുതന്നെയാണ് യേശുവിന്റെ ശിഷ്യന്മാരെ രക്തസാക്ഷിത്വ മരണം വരിക്കുവാൻ പ്രാപ്തരാക്കിയത്.

സ്വന്തമായി നേടിയതെല്ലാം വിറ്റ് ശുവിശേഷവേലയ്ക്ക് സമർപ്പിച്ച ക്രിക്കറ്റിലെ ഇതിഹാസമായിരുന്ന സി.റ്റി. സ്റ്റഡ് സ്വയം സമർപ്പണത്തിലൂടെയും ത്യാഗത്തിലൂടെയും യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വം ഉൾക്കൊള്ളുകയായിരുന്നു.

ക്രിസ്തീയ ജീവിതത്തെപ്പറ്റിയുള്ള യഥാർത്ഥ ഉൾകാഴ്ചയാണ് ഏറ്റവും പരമപ്രധാനം. സുഖലോലുപതയുടെ ശിഷ്യത്വം ക്രിസ്തീയമല്ല! യഥാർത്ഥ ശിഷ്യത്വം മനസ്സിലാക്കി അതിനെ സ്വീകരിക്കുവാനുള്ള കരുതലും കണക്കുകൂട്ടലുമാണ് ആവശ്യം.

പ്രശ്നങ്ങൾ നിശ്ചയമാണെന്നറിവും ദൈവം കൂടെയുണ്ടെന്ന ഉറപ്പും പ്രശ്നങ്ങളെ തരണം ചെയ്യുവാനുള്ള ശക്തി നൽകും. യഥാർത്ഥ ശിഷ്യത്വത്തിന്റെ വില നൽകുവാൻ നാം തയ്യാറായാൽ മാത്രമേ നമുക്ക് യഥാർത്ഥ ശിഷ്യരാകുവാൻ കഴിയൂ. അതു തന്നെയാണ് യേശു നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതും.

# എഴുത്തധികാരവും എഴുത്തിന്റെ രാഷ്ട്രീയവും





ജെയ്സ് പാണ്ടനാട്
ഫോൺ: 9847340246

അമേരിക്കൻ ജേർണലിസത്തിലെ അതികായകനായ ജോസഫ് പുലിറ്റ്സർ ഒരു പത്രപ്രവർത്തകനുവേണ്ട മേന്മകളെക്കുറുച്ച് പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്. "ജനതയുടെ പുരോഗതികളും സമൂഹത്തിന്റെ പരിവർത്തനത്തിനും വേണ്ടി സമരം ചെയ്യുക, ഒരു കക്ഷിക്കും വിധേയനാവാതിരിക്കുക, അനീതിയേയും അഴിമതിയേയും ഒരിക്കലും പൊറുക്കാതിരിക്കുക, പാവങ്ങളോട് എന്നും സഹാനുഭൂതി പുലർത്തുക, തെറ്റിനേയും കുറ്റത്തേയും എതിർക്കുവാൻ ധീരത കാട്ടുക". ഇന്ത്യയുടെ ഭരണഘടനയിൽ തന്നെ പത്രങ്ങൾക്കുവേണ്ടി ഉറപ്പിച്ചിട്ടുള്ള വലിയ ഒരവകാശമാണ് ആശയ പ്രകടന സ്വാതന്ത്ര്യം. ആശയാവിഷ്ക്കരണ സ്വാതന്ത്ര്യമെന്നാൽ സത്യം പറയുന്നതിനുള്ള അവകാശം എന്നു മാത്രമാണ് ഇത് ഉറപ്പിച്ചിട്ടുള്ളവർ സങ്കല്പിച്ചിട്ടുള്ളത്. ഈ വസ്തുതയിൽ നിന്നാണ് പത്രപ്രവർത്തനത്തിന്റേയും പത്രപ്രവർത്തകന്റേയും സദാചാരം ഉടലെടുക്കുന്നത്.

അധികാര കേന്ദ്രങ്ങളുടെ അന്യായങ്ങൾക്കെതിരായ പ്രതിഷേധമായിട്ടാണ് വ്യത്താന്ത പത്രങ്ങൾ ഉത്ഭവിച്ചത്. അരമന രഹസ്യങ്ങൾ അങ്ങാടിയിൽ പരസ്യങ്ങളാക്കിയും രാജാനുശാസനങ്ങൾക്ക് സമാന്തരങ്ങൾ തീർത്തും അവ നില നില്ക്കുകയും വളരുകയും വ്യാപിക്കുകയും ചെയ്തു. മനുഷ്യാവകാശങ്ങൾക്കു വേണ്ടി നടന്ന പോരാട്ടങ്ങളിൽ പതാക വാഹകസ്ഥാനം നിറവേറ്റിയ പത്രങ്ങൾ മനുഷ്യ ജീവിതത്തിലെ നിറസാന്നിധ്യമായി മാറുകയായിരുന്നു. സത്യത്തെ താങ്ങിനിർത്തുന്ന ബലിഷ്ഠമായ തൂണായി ചരിത്രത്തിൽ ഇടം നേടുകയായിരുന്നു. പത്രങ്ങൾക്ക് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണുള്ളതെന്ന് മഹാത്മാഗാന്ധി അഭിപ്രായപ്പെടുന്നു. ഒന്ന്, ജനവികാരം മനസിലാക്കി, പ്രകടിതമാക്കുക. (Understand Popular feeling and give expression to it.) രണ്ടാമതായി ഉത്കൃഷ്ടമായ മനോഭാവം ജനങ്ങളിൽ ഉണർത്തുക. ( Arouse among people certain desirable sentiments). മൂന്നാമതായി സമൂഹത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന തിന്മകളെ നിർഭയം പുറത്തുകൊണ്ടുവരിക (Fearlessly expose Popular defects). വളച്ചുകെട്ടില്ലാത്ത നിർഭയനായ എഴുത്തുകാരനായിരുന്നു ഗാന്ധിജി. അതുപോലെ ഭരണകർത്താക്കളുടെ ജനദ്രോഹനടപടികളെ നഖശിഖാന്തം എതിർത്ത പത്രാധിപരായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. അദ്ദേഹം അഭിപ്രായപ്പെടുന്നു, പത്രങ്ങൾക്ക് പ്രധാനമായും രണ്ടുകടമകളുണ്ട്. ഒന്നാമതായി, ജനസമാന്യത്തിന്റെ അഭിപ്രായത്തെ സ്വരൂപപ്പെടുത്തുക. രണ്ടാമത്, ജനസാമാന്യത്തിന്റെ അഭിപ്രായത്തെ അനുവർത്തിക്കുക. രാജകീയ ഉദ്യോഗസ്ഥരുടെ തീരുമാനങ്ങൾക്കെതിരെ താൻ തൂലിക ചലിപ്പിച്ചു. ഗവൺമെന്റിനെ വിമർശിക്കരുതെന്ന് പത്രഉടമസ്ഥൻ തന്നെ വിലക്കി, സ്വതന്ത്രമായ പത്രപ്രവർത്തനം നടക്കില്ലെന്ന് തോന്നിയ സ്വദേശാഭിമാനി പത്രാധിപസ്ഥാനം രാജിവച്ചു. അഴിമതിക്കാരായ രാജാവിനേയും രാജസേവകരേയും വിമർശിച്ച താൻ മഹാരാജാവിന്റെ പുത്രിയുടെ കെട്ടു കല്ല്യാണത്തിന്റെ ആർഭാടത്തിനേതിരെ പോലും ആഞ്ഞടിച്ചു. സ്ത്രീലമ്പടായ ദിവാന്റെ 'പുറം അടിച്ചു പൊളിക്കണമെന്ന്' താൻ എഴുതി. വിചാരണ കൂടാതെ തന്നെ നാടുകടത്തി. 'പത്ര ഉടമസ്ഥന്റെ ആജ്ഞയനുസരിക്കുന്നതല്ല യഥാർത്ഥ പത്രധർമ്മം; ജനഹിതം മാനിക്കലാണ്. ജനങ്ങളോടാണ് പത്രപ്രവർത്തകൻ നീതി പുലർത്തേണ്ടത്. സത്യം, നീതി, ന്യായം എന്നിവയാണ് പത്ര പ്രവർത്തകന്റെ പുരുഷാർത്ഥങ്ങൾ' താൻ അഭിപ്രായപ്പെട്ടു.

മദിരാശി ഗവൺമെന്റ് മാതൃഭൂമി പത്രത്തിന്റെ വായ്മൂടി കെട്ടിയപ്പോൾ 1942 ഏപ്രിൽ 4 -ലെ മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി, സ്വാഭിപ്രായങ്ങൾ തുറന്നുപറയുവാനോ, പൊതുകാര്യങ്ങളെക്കുറിച്ച് സ്വതന്ത്രമായി ചിന്തിക്കുവാനോ ഇന്നതെ പരിത:സ്ഥിതിയിൽ ഞങ്ങൾക്ക് നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. എക്കാലവും മാധ്യമ സ്വാതന്ത്ര്യം ആക്രമിക്കപ്പെട്ടിട്ടുണ്ട്. കാലോചിതമായി പുനർനിർവ്വചനത്തിനു വിധേയമാകുന്ന ജനാധിപത്യ സംജ്ഞയാണ് മാധ്യമ സ്വാതന്ത്ര്യം. മാധ്യമസ്വാതന്ത്ര്യത്തിന്റെ നിഷേധം ഏതാനും പത്രപ്രവർത്തകരെയോ, പത്രങ്ങളെയോ മാത്രമല്ല ജനങ്ങളെയാകെ ബാധിക്കുന്നതാണ്. രാജാവ് നഗ്നനാണെന്നു വിളിച്ചു പറയാൻ തന്റേടമുള്ള മാധ്യമങ്ങളെ ഭരണക്കാരും അവരുടെ കൊട്ടാരം പാലകരും ചേർന്ന് ആക്രമിക്കുന്ന കാഴ്ചയാണിന്നുള്ളത്, മാധ്യമപ്രവർത്തനമിന്ന് കടുത്ത സമ്മർദ്ദങ്ങങ്ങൾക്കു നടുവിലാണ്. വാർത്തകൾ സത്യസന്ധമായി ജനങ്ങളിലെത്തിക്കാനുള്ള അവകാശം നിഷേധിക്കുന്നു. മാധ്യമങ്ങളുടെ നാവടപ്പിക്കുവാനുള്ള തന്ത്രപൂർവ്വമായ ശ്രമങ്ങൾ ഭയപ്പാടിൽ നിന്നും അസഹിഷ്ണുതയിൽ നിന്നും ഉടലെടുത്തതാണ്.

ഭരണാധികാരികളുടെ നെറികേടുകളെ സധൈര്യം ചോദ്യം ചെയ്യുകയും വഴിവിട്ട ബന്ധങ്ങളെ ജാഗ്രതയോടെ നിരീക്ഷിക്കുകയും തുറന്നു കാട്ടുകയും ചെയ്യുകയെന്ന ഭാരിച്ച ഉത്തരവാദിത്തമാണ് മാധ്യമങ്ങൾക്കുള്ളത്. കാവൽ നായ്ക്കളുടെ ഉറക്കെ ഉറക്കെയുള്ള കുരയിൽ ഭയന്നുവിറയ്ക്കാത്തവരായി ആരുമുണ്ടായിരുന്നില്ല. പക്ഷേ, ഇന്ന് ഇവയിൽ പലതും വാലാട്ടികളായി മാറിയിരിക്കുന്നു.

സമൂഹത്തിലെ കാവൽനായ്ക്കളാ (watch dogs) യാണ് പത്രങ്ങളെ വിശേഷിപ്പിക്കുന്നത്. ഇവർ നേതൃത്വത്തിന് വിധേയരല്ലായിരുന്നു മറിച്ച് വിമതന്മാരായിരുന്നു; ഭരണാധികാരികളുടെ നെറികേടുകളെ സധൈര്യം ചോദ്യം ചെയ്യുകയും വഴിവിട്ട ബന്ധങ്ങളെ ജാഗ്രതയോടെ നിരീക്ഷിക്കുകയും തുറന്നു കാട്ടുകയും ചെയ്യുകയെന്ന ഭാരിച്ച ഉത്തരവാദിത്തമാണ് മാധ്യമങ്ങൾക്കുള്ളത്. കാവൽ നായ്ക്കളുടെ ഉറക്കെ ഉറക്കെയുള്ള കുരയിൽ ഭയന്നുവിറയ്ക്കാത്തവരായി ആരുമുണ്ടായിരുന്നില്ല. പക്ഷേ, ഇന്ന് ഇവയിൽ പലതും വാലാട്ടികളായി മാറിയിരിക്കുന്നു. ജനപക്ഷത്തുനിന്ന് കുരക്കേണ്ട ഈ കാവൽനായ്ക്കളെ അധികാര വർഗ്ഗം ഇപ്പോൾ പണ്ടേ പോലെ ഭയക്കുന്നില്ല എന്നതല്ലെ സത്യം. പത്രങ്ങളുടെ വിരുദ്ധ താൽപര്യങ്ങളും കിടമത്സരവും പലപ്പോഴും അഴിമതിക്കും മറ്റുമെതിരായ സംഘടിതനീക്കത്തിന് വിഘാതമാകുന്നുണ്ട്. പണവും അധികാരവും എല്ലാം നിശ്ചയിക്കുന്നിടത്ത് മാധ്യമങ്ങളും ഉറക്കമായാൽ പിന്നെ ഈ നാടിന്റെ അവസ്ഥയെന്ത്? ജനപക്ഷത്തുനിന്ന് പൊരുതേണ്ട ബാധ്യത മാധ്യമങ്ങൾക്കില്ലേ?

പത്രപ്രവർത്തകരെ തോട്ടം രാജശേഖരൻ തന്റെ കൃതിയിൽ അഞ്ച് വിഭാഗമായി തിരിച്ചിരിക്കുന്നു, എല്ലാം ഇവിടെ വിശദമാക്കുന്നില്ല. ഒരു കൂട്ടർ സ്വന്തം ഇമേജ് കെട്ടിപ്പടുക്കുന്നതിലും പല കറുത്ത ഏടുകളും ഒളിച്ചുവെയ്ക്കുന്നതിലും താൽപര്യമുള്ള നേതാക്കന്മാരുടെയും ഉദ്യോഗസ്ഥമേധാവികളുടെയും ശിങ്കിടികളാണിവർ. ഒരു വ്യക്തിയെ സ്വന്തം ഇംഗിതത്തിന് കീഴ്പ്പെടുത്താൻ അധികാരികൾ മൂന്നുതരം തന്ത്രങ്ങളാണ് ഉപയോഗിക്കാറുള്ളത്. ഒന്നാമത്തേത്, അന്തസ്സുറ്റ മാർഗ്ഗങ്ങളിലൂടെയുള്ള പ്രേരണ (persuasion) രണ്ടാമതായി അതിൽ വീണില്ലെങ്കിൽ സമ്മർദ്ദം (pressure), മൂന്നാമതായി, എന്നിട്ടും വഴങ്ങിയില്ലെങ്കിൽ, വിലക്കെടുക്കൽ (Purchase). എന്നാൽ ആത്മാർത്ഥതയും പ്രതിബദ്ധതയും ഉത്തരവാദിത്ത ബോധവുമുള്ള, ജേണലിസത്തിന്റെ ഉന്നത മാനദണ്ഡങ്ങളറിഞ്ഞ് നിശബ്ദ സേവനം അനുഷ്ഠിക്കുന്ന പത്രപ്രവർത്തകരാണ് ആവശ്യം. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യബോധവും നേടിയിട്ടുള്ള ഇവർ പ്രലോഭനങ്ങളെയും സമ്മർദ്ദങ്ങളെയും അതിജീവിക്കാൻ തന്റേടവുമുള്ളവരാണ്. പക്ഷേ, ഇവരുടെ എണ്ണം ശുഷ്ക്കമാണ്.

എഡ്വേർഡ് സെയ്ദിന്റെ നിർവ്വചനത്തിൽ ബുദ്ധിജീവിയുടെ പരസ്യജീവിത കടമ നിർവ്വഹിക്കാൻ അയാൾ സമൂഹത്തിനുള്ളിൽ നിന്നു കൊണ്ടുതന്നെ സമൂഹത്തെ തന്നിൽ നിന്നകറ്റി നിർത്തി നിരീക്ഷിക്കാൻ ശേഷിയുള്ളവനായിരിക്കണം (An outsider). അയ്യാൾ ഒരു അമേചർ (An Amateur) ആയിരിക്കണം. ഒരു വിഷയത്തിന്റെ മാത്രം വിശാരധനല്ല മറിച്ച് പലകാര്യങ്ങളെക്കുറിച്ച് അല്പമെങ്കിലും വിവരമുള്ളവനായിരിക്കണം. അയാൾ ഒരു ശല്യക്കാരൻ ( a distuber of the status quo) ആയിരിക്കണം. അതായത് സമൂഹത്തിലെ യാഥാസ്ഥിതികത്വം നിരന്തരമായി പുന:സ്ഥാപിച്ചുകൊണ്ടിരിക്കുന്ന തെറ്റായ മൂല്യങ്ങളെ അട്ടിമറിക്കുന്നവനും സമൂഹത്തെ പുറകോട്ട് നയിക്കുന്ന വിഭാഗങ്ങളോട് കലഹിക്കുന്നവനും ആയിരിക്കണം, ഇപ്രകാരമുള്ള പത്രപ്രവർത്തകരെയാണ് ഇന്നത്തെ കാലത്തിനാവശ്യം. ഇവരാണ് പരിവർത്തനത്തിന്റെയും ചോദ്യം ചെയ്യലിന്റെയും സ്വതന്ത്ര ചിന്തയുടെയും ലോകത്ത് വ്യാപരിക്കുന്നവർ. ചോദ്യങ്ങൾ ചോദിക്കാനുള്ള താണന്നും ചൂണ്ടുവിരൽ ചൂണ്ടാനുള്ളതാണെന്നും ബോധ്യമുള്ള തലമുറയിലെ പ്രതിനിധികളാണ് ഇവർ.

എന്നാൽ നമ്മുടെ പത്രലോകം ധ്രുവീകരിക്കപ്പെട്ടിരിക്കുന്നു. അഗ്രസീവ് ജേർണലിസം നടത്തുന്നവരെയാണ് അധികാരകേന്ദ്രങ്ങൾക്ക് കൂടുതൽ ഭയം എന്നുള്ളതുകൊണ്ട് ഇത്തരക്കാർക്ക് ഇപ്പോഴത്തെ കമ്പോളാധിഷ്ഠിത പത്രപ്രവർത്തനത്തിൽ കൂടുതൽ ഡിമാന്റും മാർക്കറ്റും. ഇനി മാന്യന്മാരെന്നു സ്വയം ചമയുന്ന ഒരു കൂട്ടരുണ്ട്. ഇവരാകട്ടെ അധികാര കേന്ദ്രങ്ങളിലെ അഴിമതി ബോധപൂർവ്വം കണ്ടില്ലെന്നു നടിച്ച്, ജീർണ്ണതകളെ പരമാവധി പ്രോത്സാഹിപ്പിക്കുന്ന ഇക്കൂട്ടർ അധികാരികൾ വച്ചു നീട്ടുന്ന ഉച്ചിഷ്ടങ്ങളിൽ ഭാഗവാക്കായി "നല്ല പിള്ളമാർ' ചമയുന്നു. ഇക്കൂട്ടർക്കിടയിൽ എസ്റ്റാബ്ലിഷ്മെന്റിനെതിരെ മുഖം നോക്കാതെ നിശിതമായി പേന ചലിപ്പിക്കുന്ന ഒരു ചെറിയ വിഭാഗം പത്ര സമൂഹത്തിൽ ഇന്നുമുണ്ട്. അവർ ആക്രമിക്കപ്പെട്ടേക്കാം, അവഗണിക്കപ്പെട്ടേക്കാം. പക്ഷേ, അവർ വേട്ടക്കാരുടെ കൂടെയല്ല ഇരകൾക്കൊപ്പമാണ്. ആരെക്കുറിച്ചാണ് മനസുവേദനിക്കുന്നത് അവർക്കുവേണ്ടിയുള്ള ആത്മസംഘർഷത്തിന്റെ പ്രതിഫലനമാണ് എഴുത്തുകാരന്റെ രചനകൾ. എഴുത്തുകാരന്റെ മനസ്സിൽ ആളികത്തുന്ന അഗ്നിയിൽ ഭരണ വർഗ്ഗത്തിന്റെ കച്ചി കുമ്പാരങ്ങൾ കത്തിച്ചാമ്പലാകുന്നു. സിസ്റ്റത്തിന്റെ ജീർണ്ണത തന്നെ വേദനാകരമാണ്.

മാധ്യമം ഉച്ചഭാഷിണിയാകുമ്പോൾ അത് എല്ലാവരും അറിയുന്നു എന്നുമാത്രം. മാധ്യമ നിയന്ത്രണമല്ല, തിരുത്തലാണ് പ്രതിരോധമാർഗ്ഗം, നേരിന്റെ എഴുത്തിന് തിരുത്തൽ ആവശ്യമില്ല. സത്യം തിരുത്തപ്പെടേണ്ടതില്ല. അതുകൊണ്ടാണ് പിലാത്തോസ് പറഞ്ഞത്, 'എഴുതിയത് എഴുതി' എന്ന്. അതാണ് 'ക്രോസ് ചെക്ക്' ചെയ്യാത്ത എഴുത്ത്.

## കല്ലുകടി

### പത്രക്കാരന്റെ സമിതി

ഇവിടെ പെന്തെക്കോസ്തുരുടേതായി പത്രക്കാർക്കൊരു സമിതിയുണ്ട്. (ഉണ്ടായിരുന്നു) അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നാർക്കും അറിഞ്ഞുകൂടാ. ഈ കമ്മിറ്റി ഇപ്പോൾ നിലവിൽ ഇല്ലായെന്ന് ഒരു പ്രധാന ചുമതലക്കാരൻ പറഞ്ഞു. അതാണ് സത്യസന്ധത. എന്നാൽ മറ്റൊരാൾ ഇപ്പോഴും പ്രധാന ഭാരവാഹിയാണെന്ന് ഇടക്കിടക്ക് പത്രവാർത്തകളിൽ കാണാറുണ്ട്. ഫലത്തിൽ ചത്തുപോയ ഒരു സമിതിയുടെ ചുമതല ഉണ്ടെന്നഭിമാനിച്ചങ്ങു പോകുന്നു പുലി തീറ്റിക്കത്തുമില്ല. തങ്ങൾക്കിഷ്ടമില്ലാത്തവർക്ക്. അംഗത്വം കൊടുക്കാതിരിക്കുവാനുള്ള തന്ത്രത്തിന്റെ ഭാഗമായൊരു ഉരുണ്ടുകളിയുമായി അങ്ങുപോകുന്നു. പാരമ്പര്യം പറഞ്ഞിരിക്കുന്ന കാരണവന്മാർ അറിയുന്നില്ല കാലം മാറിയ കഥ.

**അടുക്കുറിപ്പ് :** ശാസ്ത്രം പുരോഗമിച്ചു - ഇന്റർനെറ്റും മറ്റു സാക്ഷ്യങ്ങളുമായി അസ്സോസിയേഷൻ ഇല്ലെങ്കിലും പലതും ഇവിടെ നടന്നോളും

# ഐ. പി. സി. കർണാടക സ്റ്റേറ്റ് ജനറൽ കൺവൻഷൻ 2010



## നാം ക്രിസ്തുവിന്റെ രണ്ടാം സ്പർശനം നല്കണം : സാം ജോർജ്ജ്

ബാംഗ്ലൂർ : ദൈവമക്കൾ സുവിശേഷത്തിന്റെ വക്താക്കാളാകണമെന്നും അവർ സമൂഹത്തിനു ക്രിസ്തുവിന്റെ രണ്ടാം സ്പർശനം നൽകുന്നവരാകണമെന്നും ഐ. പി. സി. കർണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സാം ജോർജ് പ്രസ്താവിച്ചു. ഫെബ്രു. നാലിനു രാവിലെ ഐ. പി. സി. കർണാടക സ്റ്റേറ്റ് ശുശ്രൂഷകസമ്മേളനത്തിൽ മുഖ്യപ്രഭാഷണം ചെയ്യുകയായിരുന്നു അദ്ദേഹം. പെന്തെക്കോസ്തു ശുശ്രൂഷകന്മാർ പരിശുദ്ധാത്മനിറവിൽ ഈ കാലഘട്ടത്തിൽ വിടുതലിന്റെ ശുശ്രൂഷകരാകുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. വൈസ് പ്രസിഡന്റ് പാസ്റ്റർ റ്റി. ഡി. തോമസ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ എം. ജെ. ജോർജിന്റെ പ്രാർഥനയോടെ ആരംഭിച്ച സമ്മേള നത്തിൽ പാസ്റ്റർ ജോൺ മാത്യു സങ്കീർത്തനം വായിച്ചു. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി. റ്റി. ജോസഫും പ്രസംഗിച്ചു. പാസ്റ്റർമാരായ വിൻസൺ തോമസ്, സുനിൽ ഐസക്ക്, മനോജ് വർഗീസ് എന്നിവർ പരിഭാഷകൾ നിർവഹിച്ചു. പാസ്റ്റർ റ്റി. ഡി. തോമസ് സമാപന പ്രാർഥന നടത്തി.



### കർണാടക സ്റ്റേറ്റിലെ സെന്റർ പാസ്റ്റർമാർ

പാസ്റ്റർ റ്റി. റ്റി.ജോസഫ് (കർണാടക സ്റ്റേറ്റ് സെന്റർ ഒന്ന്), പാസ്റ്റർ എൻ. സി. ഫിലിപ്പ് (നോർത്ത് സെന്റർ), പാസ്റ്റർ വി. ഡി. ജോൺ (സൗത്ത് സെന്റർ), പാസ്റ്റർ വർഗീസ് മാത്യു (ഈസ്റ്റ് സെന്റർ), പാസ്റ്റർ റ്റി.ഡി. തോമസ് (വെസ്റ്റ് സെന്റർ), പാസ്റ്റർ കെ. എസ്. ജോസഫ് (മാംഗ്ലൂർ സെന്റർ) , പാസ്റ്റർ തങ്കച്ചൻ ബഞ്ചമിൻ (ഷിമാഗോ സെന്റർ), പാസ്റ്റർ കെ.എസ്. ജോസഫ് (ഗോവ സെന്റർ), പാസ്റ്റർ പി.എ. ജോൺസൺ (ചിക്ക്മംഗ്ലൂർ സെന്റർ), പാസ്റ്റർ രാജൻ ജോൺ (മൈസൂർ സെന്റർ)

### ഏരിയാ പാസ്റ്റർമാർ

പാസ്റ്റർ ആരോഗ്യ സ്വാമി (ഹൊസ്സൂർ), പാസ്റ്റർ പി. പി. ജോസഫ് (വില്ലേജ് മിനിസ്ട്രീസ്), പാസ്റ്റർ കെ. എസ്. സാമുവേൽ ( വില്ലേജ് റീച്ച് ഇന്ത്യാ), പാസ്റ്റർ ജോസ് മാത്യു (ക്രൈസ്റ്റ് മിഷൻ ഏരിയാ), പാസ്റ്റർ ഡേവിഡ് അഞ്ചേരി (സുകൃതം ഏരിയാ), പാസ്റ്റർ തോമസ് കോശി (സീയോൺ വില്ലേജ് മിനിസ്ട്രീ), പാസ്റ്റർ കെ. വി. ജോസ് (കരിസ്മാ ഏരിയാ)

### കൺവൻഷൻ കമ്മറ്റി അംഗങ്ങൾ

പാസ്റ്റർ രാജൻ ജോൺ (ജനറൽ കൺവീനർ), പാ. എൻ. സി. ഫിലിപ്പ് (പ്രെയർ കൺവീനർ), പാ. ജോസ് മാത്യു (പബ്ലിസിറ്റി കൺവീനർ), ബ്രദർ പി. ഓ. സാമുവേൽ (ഫൈനാൻസ് കൺവീനർ), ബ്രദർ ജോയി പാപ്പച്ചൻ (പന്തൽ കൺവീനർ), പാസ്റ്റർ ഡേവിഡ് അഞ്ചേരിൽ (ക്വയർ കൺവീനർ), ബ്രദർ കെ. വി. മാത്യു (അക്കൊമൊഡേഷൻ കൺവീനർ), ബ്രദർ ബിജു.എം. പരേൽ (സെക്യൂരിറ്റി& പാർക്കിംഗ് കൺവീനർ), പാസ്റ്റർ കെ. വി. ജോസ് (വോളണ്ടിയർ കൺവീനർ), പാസ്റ്റർ ജോയി ഏബ്രഹാം (ഫുഡ് ചെയർമാൻ), ബ്രദർ ജോയി. റ്റി. (ട്രാൻസ്പോർട്ട് കൺവീനർ), പാസ്റ്റർ സാം ജോർജ്ജ് (പ്രോഗ്രാം കൺവീനർ)




കൺവൻഷൻ ഉദ്ഘാടനം പാസ്റ്റർ റ്റി. റ്റി. ജോസഫ് (സീനിയർ ജനറൽ മിനിസ്റ്റർ)



റവ. സാം ജോർജ്ജ് | പാസ്റ്റർ കെ. എസ്. ജോസഫ് | പാസ്റ്റർ റ്റി. ഡി. തോമസ് | കെ.എം. ജേക്കബ് | പി.ഓ. ശാമുവേൽ









**ഐ. പി. സി. സ്റ്റേറ്റ് ബോർഡ് സാരഥികൾ:** വർഗീസ് മാത്യു, ജോസ് മാത്യു, വി. ഡി. ജോൺ, ജോയി പാപ്പച്ചൻ, ജോൺ മാത്യു, രാജൻ ജോൺ, പി.ഓ. സാമുവേൽ, മാത്യു കെ. വി., പാ. എൻ. സി.ഫിലിപ്പ്, പാ. ജോൺസൺ പി.എ, പാസ്റ്റർ തങ്കച്ചൻ, പാസ്റ്റർ ആരോഗ്യ സ്വാമി, പാസ്റ്റർ ഡേവി അഞ്ചേരി, പാസ്റ്റർ തോമസ് കോശി, പാസ്റ്റർ ജോസ്. കെ. വി



**സൺഡേ സ്കൂൾ ബോർഡ്:** ബ്രദർ കെ. വി. മാത്യു (ഡയറക്ടർ), സി.റ്റി. ജോർജ്ജ് (സെക്രട്ടറി), ബൈജു മാത്യു (ജോ. സെക്രട്ടറി), വർഗ്ഗീസ് പീറ്റർ (ട്രഷറാർ)



**സോദരി സമാജം:** സിസ്റ്റർ മേരി സി. ജോൺ (പ്രസിഡന്റ്), സിസി ജോസഫ് (വൈസ് പ്രസിഡന്റ്), ലെജി ജോർജ്ജ് (സെക്രട്ടറി), സാലി ജോൺ (ജോ.സെക്രട്ടറി), സാറാക്കുട്ടി (ട്രഷറർ)



**പി. വൈ. പി. എ.:** പാസ്റ്റർ ജോയി ഏബ്രഹാം (പ്രസിഡന്റ്), പാസ്റ്റർ എ.വൈ. ബാബു (വൈസ് പ്രസിഡന്റ്), ജോസ് വർഗീസ് (സെക്രട്ടറി), ജോയി പാപ്പച്ചൻ (ട്രഷറർ)

### നന്ദി...............

ഐ. പി. സി. കർണാടക സ്റ്റേറ്റ് കൺവൻഷനു വേണ്ടി പ്രാർത്ഥിക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി

**റവ. സാം ജോർജ്ജ്**
ഐ. പി. സി.
കർണാടക സ്റ്റേറ്റ് പ്രസിഡന്റ്

### സപ്ലിമെന്റ് തയ്യാറാക്കിയത്



**ചാക്കോ. കെ. തോമസ്**
**ബാംഗ്ലൂർ**

# ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ പ്രവർത്തനോദ്ഘാടനം

ഫ്ളോറിഡ: നോർത്തമേരിക്കൻ ഐ. പി. സി. സൗത്ത് റീജിയന്റെ പ്രവർത്തനോദ്ഘാടന കൺവൻഷൻ മാർച്ച് 19 മുതൽ 20 വരെ ഐ. പി. സി. ഒർലാന്റോ ചർച്ചിൽ വെച്ച് നടക്കും. വെള്ളിയാഴ്ച വൈകിട്ട് 6.30 ന് ഐ. പി. സി. ജനറൽ സെക്രട്ടറി പാസ്റ്റർ വത്സൻ ഏബ്രഹാം ഉദ്ഘാടന പ്രസംഗം നടത്തും. ശനിയാഴ്ച രാവിലെ 10 മണിക്ക് സഹോദരി സമ്മേളനം ഉച്ചയ്ക്ക് 2 മണിക്ക് പി. വൈ. പി.എ. സമ്മേളനം, വൈകിട്ട് 6.30 ന് പൊതുമീറ്റിംഗും നടക്കുന്നതാണെന്ന് സെക്രട്ടറി പാസ്റ്റർ ജോൺ ശാമുവേൽ അറിയിച്ചു.

“ആകയാൽ അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റു പണിയും” നെഹെമ്യാവ് 2:20 ആണ് കൺവൻഷൻ പ്രബന്ധ വിഷയം. റീജിയന്റെ വിവിധ സഭകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ഗാന ശുശ്രൂഷക്ക് നേതൃത്വം നൽ കും. നോർത്തമേരിക്കൻ ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയന്റെ പ്രസിഡന്റായി പാസ്റ്റർ കെ.സി. ജോൺ, പാസ്റ്റർ ജയിംസ് പൊന്നോലിൽ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ജോൺ ശാമുവേൽ (സെക്രട്ടറി), പാസ്റ്റർ ദാനിയേൽ തോമസ്, ബ്രദർ രാജൻ ആര്യപ്പള്ളിൽ (ജോ. സെക്രട്ടറിമാർ), ബ്രദർ സ്റ്റീഫൻ ചാക്കോ (ട്രഷറാർ), ബ്രദർ സജി കരിയർ (പി. വൈ. പി.എ), ബ്രദർ സ്റ്റാൻലി ജോസഫ് (സൺഡേ സ്കൂൾ), കൊച്ചുമോൾ ജയിംസ് (സഹോദരി സമാജം), എന്നിവർ ഭാരവാഹികളായി പ്രവർത്തിക്കുന്നു, കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ കെ. സി. ജോൺ (954 – 599 – 5472), പാസ്റ്റർ ജോൺ ശാമുവേൽ (683 – 838 – 3802), പാസ്റ്റർ ജേക്കബ് മാത്യു (407 – 455 – 0020) ആയോ ബന്ധപ്പെടുക.

(ബാബു കൊടുന്തറ, പബ്ലിസിറ്റി കോർഡിനേറ്റർ)

# അമേരിക്കൻ മലയാളി റൈറ്റേഴ്സ് ഫോറത്തിന് പുതിയ ഭാരവാഹികൾ

ന്യുയോർക്ക് : അമേരിക്കൻ മലയാളി പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറത്തിന് പുതിയ ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു. തോമസ്കുര്യൻ (നാഷണൽ പ്രസിഡന്റ്), ഷാജി മണിയാറ്റ് (വൈസ് പ്രസിഡന്റ്), ബിനു ജോൺ (സെക്രട്ടറി), പാസ്റ്റർ പൊടിയൻ തോമസ് (ജോ.സെക്രട്ടറി), അഡ്വ. തോമസ് എം. കിടങ്ങാലിൽ (ട്രഷറർ), ജോളിതാഴാംപള്ളം (ലേഡീസ്കോ-ഓർഡിനേറ്റർ), എലിസബത്ത് ഏബ്രഹാം (യൂത്ത്കോ-ഓർഡിനേറ്റർ). അമേരിക്കയെ നാലു സോണുകളായി തിരിച്ച് സാഹിത്യമത്സരങ്ങൾ നടത്താനും അതിൽ ജയിക്കുന്നവർക്കായി നാഷണൽ കോമ്പറ്റീഷൻ നടത്താനും തീരുമാനിച്ചു. 2011-ൽ ഒക്കലഹോമയിൽ നടക്കുന്ന കോൺഫ്രൻസിൽവച്ച് വിജയികൾക്ക് അവാർഡും ഫലകവും വിതരണം ചെയ്യും.







# ഉയരുന്ന ഭീഷണി

രാജൻ ആര്യപ്പള്ളിൽ

തങ്ങൾ അണുവായുധം ഉള്ള രാജ്യമാണെന്ന ഇറാൻ പ്രസിഡന്റിന്റെ പ്രഖ്യാപനം ആശങ്കയുണർത്തിയത് ഇങ്ങ് അമേരിക്കയിലെ സാധാരണ ജനങ്ങളുടെ മനസ്സിലാണ്. കാരണം ഇറാനെതിരെ ഉപരോധം ഏർപ്പെടുത്തുവാനുള്ള സമ്മർദ്ദം അമേരിക്കയുടെ മേൽ ഏറുകയാണ്. ഉപരോധം ഏർപ്പെടുത്തിയാൽ ഇറാൻ ഉയർത്തുന്ന ഭീഷണി യുദ്ധത്തിന്റേതാണ്. അഫ്ഗാനിസ്ഥാൻ, ഇറാക്ക് എന്നിവിടങ്ങളിലേതിന് സമാനമായ സാഹചര്യങ്ങളിലേക്ക് കാര്യങ്ങൾ എത്തിച്ചേരാനാണ് സാധ്യതയും. സാമ്പത്തിക മാന്ദ്യത്തിന്റെ സാഹചര്യങ്ങളിൽ നിന്നും മെല്ലെ കരകയറുന്ന അമേരിക്കക്ക് ഇനിയൊരു യുദ്ധം എന്നത് ചിന്തിക്കാൻ കൂടി കഴിയില്ല എന്നതാണ് സത്യം. തൊഴിൽ രഹിതരും പട്ടിണിക്കാരുമായി ജനലക്ഷങ്ങളാണ് ഇന്ന് അമേരിക്കയിലുള്ളത്. ഒരു യുദ്ധസാഹചര്യത്തേക്കാൾ പ്രസിഡന്റിന്റെ ശ്രദ്ധ തീർച്ചയായും രാഷ്ട്രത്തിന്റെ ഉയർച്ചയിലേക്കായിരിക്കും തിരിയുക. ജനം തന്നിൽ അർപ്പിച്ച പ്രതീക്ഷയും അത്ര വലുതാണ്. അതിനാൽ തന്നെ ഒരു യുദ്ധത്തിലേക്ക് എടുത്തുചാടാൻ ഒബാമ രണ്ടു വട്ടം ചിന്തിക്കാതിരിക്കില്ല. പാകിസ്ഥാൻ കേന്ദ്രമായി ഭീകരവാദികൾ ലോകത്തിനു തന്നെ ഭീഷണിയാണ്. അതിന്റെ കെടുതി അനുഭവിക്കുന്നതിൽ നമ്മുടെ രാജ്യവും ഉണ്ട്. ഇതും അമേരിക്ക ഗൗരവമായി കാണുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഒരുവശത്ത് ഭീകരവാദം മറുവശത്ത് സാമ്പത്തീക പ്രശ്നങ്ങൾ. ഏതുവഴിയെ നീങ്ങിയാലും അത്യാവശ്യം വേണ്ടത് സൂക്ഷ്മ ശ്രദ്ധയും.

# ഗുരുവിന്റെ രണ്ടാം സ്പർശനം



റവ. സാം ജോർജ്ജ് (യു. എസ്. എ)

മർക്കോസിന്റെ സുവിശേഷം 8-ാം അദ്ധ്യായം 22 മുതൽ 26 വരെയുള്ള വാക്യങ്ങളിൽ കുരുടനായ ഒരു മനുഷ്യനെ യേശു സൗഖ്യമാക്കിയ സംഭവം വിശദീകരിച്ചിരിക്കുന്നു. സാധാരണയിൽ നിന്നും വ്യത്യസ്തമായ ചില സംഭവങ്ങളിലൂടെ ഈ ശുശ്രൂഷ വേറിട്ടുനിൽക്കുന്നു. ബേത്ത്സയിദിൽ എത്തിയ യേശുവിന്റെ അടുക്കൽ ചിലർ കുരുടനെ എത്തിച്ചു. ഇവനെ തൊടണമെന്ന അപേക്ഷയുമായാണവർ എത്തിയത്. സാധാരണ ചെയ്യുന്നതുപോലെ ഉടൻ സൗഖ്യമാക്കി മടക്കുകയല്ല കർത്താവു ചെയ്തത്. ആദ്യമായി അവന്റെ കൈക്കു പിടിച്ച് ഊരിൽ നിന്ന് അവനെ പുറത്ത് കൊണ്ടുപോയി. ഈ കുരുടൻ പിന്തുടർന്നു വന്ന പലതുമുണ്ടായിരുന്നു. എന്നാൽ കർത്താവ് അവനെ നയിച്ചു. അവന്റെ സമ്പ്രദായങ്ങൾ, പരിചയങ്ങൾ, ആചാരങ്ങൾ, പാരമ്പര്യം ഇങ്ങനെ അവൻ അനുവർത്തിച്ചും അനുഷ്ഠിച്ചും പോന്നിരുന്ന പലതിൽ നിന്നുമാണ് കർത്താവ് അവനെ പുറത്തെത്തിച്ചത്. പ്രയോജനരഹിതങ്ങളായ പലതിലും ഉൾവലിഞ്ഞിരിക്കുന്നവർക്ക് നാഥന്റെ ദർശനം സാധ്യമല്ല. അവൻ കരം പിടിക്കുമ്പോൾ അവനോടൊപ്പം യാത്രക്കായി ഏൽപ്പിക്കുമ്പോൾ ആണ് ദൈവയിഷ്ടം നമ്മിൽ നിറവേറ്റപ്പെടുന്നത്. അക്ഷരികമായ ഒരു വ്യാഖ്യാനമല്ല ഉദ്ദേശിക്കുന്നത്. ക്രിസ്തുവിനെകണ്ടെത്തുന്നവൻ പലതിനെയും ഉപേക്ഷിക്കേണ്ടിവരുന്നു. വ്യത്യസ്തമായ പിതൃപാരമ്പര്യങ്ങളെ വിട്ടുപിരിഞ്ഞു മാത്രമേ ക്രിസ്തുവിന്റെ അനുഗാമിയാകാൻ കഴിയുകയുള്ളൂ. ക്രിസ്തുവിലാകുക എന്നത് തന്നെ പുതിയ അനുഭവമാണല്ലോ. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. ശിശുവിനെ കണ്ട വിദ്വാന്മാർ വന്ന വഴിയായി മടങ്ങാതെ മറ്റൊരു വഴിയായി സ്വദേശത്തേക്കു മടങ്ങി എന്നു നാം വായിക്കുന്നു. കാരണം പഴയവഴിയിൽ ഉപായരൂപേണ ചതിക്കുവാൻ കാത്തിരിക്കുന്ന ഒരു രാജാവുണ്ടായിരുന്നു. ആ വഴിയെ മടങ്ങിയാൽ ക്രിസ്തുവിനെ അവർക്കു ഒറ്റിക്കൊടുക്കേണ്ടതായി വന്നേനേ. ക്രിസ്തുവിനെ കണ്ടെത്തുന്നവരുടെ തുടർ യാത്ര ഒരു പുതിയ വഴിത്താരയിലാകണം. പഴയ വഴി ക്രിസ്തുവിനെ നഷ്ടപ്പെടുത്തുമെന്നതിൽ സംശയമില്ല. ഈ ലോകത്തിനനുരൂപരാകാതെ ദൈവഹിതം തിരിച്ചറിഞ്ഞുള്ള യാത്രയിലൂടെ മാത്രമേ നിത്യതയിൽ എത്തുവാൻ കഴിയൂ എന്നത് ഓരോ വിശ്വാസിയും ദിനേന ഓർക്കുക.

യേശു കുരുടന്റെ കണ്ണിൽ തുപ്പി അവന്റെ മേൽ കൈവച്ചു. വല്ലതും കാണുന്നുവോ എന്നു ചോദിച്ചു. എന്നാൽ അവൻ പറഞ്ഞത്, ഞാൻ മനുഷ്യരെ കാണുന്നു എന്നാൽ അവർ നടക്കുന്നതു മരങ്ങൾ പോലെയത്രെ എന്നായിരുന്നു. അർത്ഥാൽ കാണേണ്ടതിനെ കാണേണ്ടതുപോലെ കാണുവാൻ കഴിയുന്നില്ല. എത്രയോ പരിതാപകരമാണ് ഈ അവസ്ഥ. ഒരിക്കൽ ഒന്നും കാണുവാൻ കഴിയാത്ത അന്ധൻ. എന്നാൽ ഇപ്പോഴത്തെ അവസ്ഥയാകട്ടെ അതിലും എത്രയോ ശോചനീയം. കാഴ്ചയുണ്ടോ എന്നാരെങ്കിലും ചോദിച്ചാൽ ഉണ്ട് എന്നു പറയാം. പ്രയോജനമുള്ളതാണോ എന്നു ചോദിച്ചാൽ ഇല്ല എന്ന അവസ്ഥ. ഇല്ലത്തുനിന്നു പുറപ്പെട്ടു എന്നാൽഅമ്മാത്തൊട്ടു എത്തിയുമില്ല എന്ന സ്ഥിതി. ഇത്തരം അവസ്ഥയാണ് വെളിപ്പാട് പുസ്തകത്തിലെ 3-ാം അദ്ധ്യായത്തിലെ ലവോദിക്യ സഭയുടേത്. ഒന്നുകിൽ ശീതവാനാകുക അല്ലെങ്കിൽ ഉഷ്ണവാനാകുക. ഇതിനിടയിലുള്ള ശീതോഷ്ണവാനായാൽ അതിന്റെ അനന്തരഫലം ശോചനീയമാണ്. പാപിക്കു ശിക്ഷാവിധിയുണ്ട് എന്ന് ദൈവവചനം പഠിപ്പിക്കുന്നു. രക്ഷിക്കപ്പെട്ടവന് ദൈവം നൽകുന്ന പ്രതിഫലവുമുണ്ട്, എന്നാൽ രക്ഷിക്കപ്പെട്ടുവെന്ന് അഭിമാനിക്കുകയും ഇരുളിൽ നിന്നും വെളിച്ചത്തിലെത്തിയെന്നു സാക്ഷ്യം പറയുകയും ഇരുളിന്റെ പ്രവർത്തി ചെയ്യുകയും പ്രമാണം ലംഘിക്കുകയും ചെയ്യുന്നവന്റെ മുമ്പിലുള്ളത് ന്യായവിധിയാണ്. അധികം അറിഞ്ഞിട്ടും നിയമലംഘനം നടത്തുന്നവന് അധികം ശിക്ഷാവിധിയുണ്ട് എന്നത് ദൈവജനം മറക്കാതിരിക്കട്ടെ. ക്രിസ്തുവിന്റെ അനുഗാമിയെന്നഭിമാനിക്കുകയും ലോകത്തിന്റെ മ്ലേച്ഛതകളിലൂടെ യാത്രചെയ്യുകയും ചെയ്യുന്ന വ്യക്തി കാണേണ്ടവനെ ശരിയായി കാണാത്തവനാണ്. അല്പ ജ്ഞാനം അപകടകാരിയായി മാറുന്നു. ക്രിസ്തുവിനെയും അവന്റെ മാർഗ്ഗത്തെയും കുറിച്ചും ഇത്തരം അല്പമായ അറിവും അല്പമായ കാഴ്ചയും അപകടത്തിലേക്കു മാത്രമേ നയിക്കൂ. എന്നാൽ തനിക്കു ലഭിച്ച കാഴ്ചയിലെ വൈകല്യങ്ങളെ തിരിച്ചറിയുവാൻ കഴിയുമ്പോഴാണ് ശരിയായ കാഴ്ചയിലേക്ക് ഗുരുനാഥൻ നമ്മെ നടത്തുന്നത്. എന്നാൽ ഇന്നത്തെ അപകടകരമായ വസ്തുത തങ്ങൾക്കു ലഭിച്ച കാഴ്ചയാണ് ശരിയെന്ന ചിന്തയിൽ വൈകല്യമുള്ള കാഴ്ചയുമായി ജനത്തെ നയിക്കുന്ന നേതാക്കന്മാരും നയിക്കപ്പെടുന്ന വിശ്വാസികളുമാണ്. കുരുടൻ കുരുടനെ വഴികാട്ടുന്ന ഭയാനക സാഹചര്യം. ആത്മീയതയുടെ മറവിൽ നടക്കുന്ന അനാത്മീക പ്രവർത്തികളുടെ കാരണം ശരിയായ കാഴ്ചയില്ലായ്മയാണ്. അഹന്ത നിറഞ്ഞ മനസ്സോടെ യാത്ര തുടരുന്നവർക്ക് ശരിയായ കാഴ്ചപ്പാടിലെത്തുവാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. തന്റെ കാഴ്ചയുടെ വൈകല്യം തിരിച്ചറിയുകയും അത് ഏറ്റുപറയുകയും ചെയ്യുന്നവനേ മാത്രമേ പൂർണതയുള്ള കാഴ്ചയിലേക്കു നയിക്കുവാൻ ക്രിസ്തുവിനു സാധ്യമാകൂ. ആ തിരിച്ചറിവിനു വേണ്ടത് മനസ്സിന്റെ പുതുക്കമാണ്. അതിലൂടെ ലഭിക്കുന്ന രൂപാന്തരവും (റോമർ 12:2) ഇവിടെ ഈ കുരുടന്റെ അവസ്ഥ കാണേണ്ടതിനെ കാണേണ്ടതുപോലെ കാണുവാൻ കഴിയുന്നില്ല എന്നതാണ്. അത് അവൻ യേശുവിനോട് പറയുന്നു. തന്റെ സഹോദരങ്ങളെയും കൂട്ടു വിശ്വാസികളെയും

ശേഷം പേജ്: 10

# പെന്തക്കോസ്ത് സാഹിത്യ സമിതി മുംബൈ ചാപ്റ്റർ ഉദ്ഘാടനം ചെയ്തു

മോൻസി. കെ. വിളയിൽ (മീഡിയാ കോർഡിനേറ്റർ)


പി. ഏബ്രഹാം (രക്ഷാധികാരി)


മാത്യു റോയി (പ്രസിഡന്റ്)


സിബി. എ. പൈലി (സെക്രട്ടറി)


റെജി.കെ.തോമസ് (ട്രഷറാർ)


മോൻസി. കെ. വിളയിൽ (മീഡിയാ കോർഡിനേറ്റർ)

മുംബൈ: പെന്തെക്കോസ്ത് സാഹിത്യ സമിതി മുംബൈയ് ചാപ്റ്റർ ഉദ്ഘാടനം ഡിസംബർ 21 തിങ്കളാഴ്ച ചെമ്പൂർ ഐ. പി. സി. ഹാളിൽ വച്ച് പ്രമുഖ എഴുത്തുകാരനും ലൈറ്റ് ഓഫ് ലൈഫ് ചീഫ് എഡിറ്ററുമായ ബ്രദർ പി. ഏബ്രഹാം ഉദ്ഘാടനം ചെയ്തു. പെന്തെക്കോസ്ത് എഴുത്തുകാരുടെ കൂട്ടായ്മയുടെ ആവശ്യകതയെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം വിശദീകരിച്ചു. പാസ്റ്റർ മാത്യു റോയി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ റെജി. കെ. തോമസ്, പാസ്റ്റർ ഷിബു തോമസ്, ബ്രദർ വർഗീസ് കൊല്ലക്കൊമ്പിൽ, ഡോ.ആനി എം. തോമസ് എന്നിവർ സംസാരിച്ചു. സെപ്തംബർ 30 ന് പൻവേലിൽ ചേർന്ന ആദ്യ യോഗത്തിൽ ജന:സെക്രട്ടറി സാംകുട്ടി മാത്യു അദ്ധ്യക്ഷത വഹിച്ചു. ഭാരവാഹികളായി പി. ഏബ്രഹാം (രക്ഷാധികാരി), പാസ്റ്റർ മാത്യു റോയി (പ്രസിഡന്റ്), പാസ്റ്റർ പി. റ്റി. മാത്യു, വർഗീസ് കൊല്ലാങ്കൊമ്പിൽ (വൈസ് പ്രസിഡന്റുമാർ), സിബി. എ. പൈലി (സെക്രട്ടറി), പാസ്റ്റർ ഷിബു, ബ്രദ. ജെയിംസ് (ജോ. സെക്രട്ടറിമാർ), പാസ്റ്റർ റെജി കെ. തോമസ് (ട്രഷറാർ), പാസ്റ്റർ മോൻസി കെ. വിളയിൽ (മീഡിയാ കോർഡിനേറ്റർ), പാസ്റ്റർ സജി പീച്ചി, ബ്രദർ ബിനോയ് പുന്നൂസ്, ബ്രദ. മാത്യൂസ് പോൾ, ബ്രദർ. പ്രകാശ് പി. കോശി, ഡോ. ആനി. എം. തോമസ്, സിസ്റ്റർ ലില്ലി ഏബ്രഹാം, സിസ്റ്റർ സില്ലാമ്മ തോമസ് എന്നിവർ കമ്മിറ്റിയംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു.

# പ്രകാശനം ചെയ്തു



ജോർജ്ജ് കോശി മൈലപ്രാ രചിച്ച ഓ! ജറുസലേം!!. എന്നഗ്രന്ഥം ഇസ്രായേൽ ഇമ്മിഗ്രന്റ് അബ്സോർബ്ഷൻ മന്ത്രാലയം ഡയറക്ടർ ഹൂർജാഫേത്ത് ജറുസലേമിൽ നടന്നചടങ്ങിൽ വെച്ച് ഐ. പി. സി. സണ്ടേസ്കൂൾ അസ്സോസിയെഷൻ ഡയറക്ടർ പാസ്റ്റർ വർഗ്ഗീസ് മത്തായിക്കു നൽകി പ്രകാശനം ചെയ്തു . ജോൺസൺ ചെറിയാന്റെ അദ്ധ്യക്ഷതയിൽ അസാക്ക് റാബിൻ, സുജിത് എ. മാത്യു എന്നിവർ പ്രസംഗിച്ചു. ബോൺവോയേജ് ഇന്റർനാഷണൽ ട്രാവൽ പബ്ലിഷേഴ്സ് ആണ് പ്രസാദധകർ.

## ഡോ. ആനി എം. തോമസിനു അവാർഡ്

മുംബൈ: ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ പബ്ലീഷിംഗ് ഹൗസ് ഏർപ്പെടുത്തിയ 'ബെസ്റ്റ് സിറ്റിസൺ ഓഫ് ഇന്ത്യ 2009' അവാർഡ് ഡോ. ആനി എം. തോമസിനു ലഭിച്ചു. ഏ. ജി. വെസ്റ്റേൺ ഡിസിട്രിക്ട് കൗൺസിൽ ഡബ്ല്യൂ. എം. സി. പ്രസിഡന്റും ഏ. ജി. ഡേ സ്കൂൾപ്രിൻസിപ്പലുമാണു ഡോ. ആനി. വെസ്റ്റേൺ മുൻ ഏ. ജി.സൂപ്രണ്ട് പാസ്റ്റർ എം. തോമസിന്റെ ഭാര്യയാണ്. 2008 – ലെ കേന്ദ്ര സർക്കാർ രാജീവ് ഗാന്ധി ഏകതാ അവാർഡും ഡോ. ആനിക്ക് ലഭിച്ചിട്ടുണ്ട്.

## അസുബായിൽ നിന്നും ...... 2–ാം പേജ് തുടർച്ച

വാഗ്ദത്തമാണ്. പക്ഷെ ഈ പുത്തനവസ്ഥയിൽ എത്തണമെങ്കിൽ ഒരു സുപ്രധാന സംഗതി നിർവ്വഹിക്കണമെന്ന് പ്രവാചകൻ ഓർമിപ്പിക്കുന്നു. യെരുശലേമേ, ഞാൻ നിന്റെ മതിലുകളിൽ കാവൽക്കാരെ ആക്കിയിരിക്കുന്നു. അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കയില്ല. യഹോവയെ ഓർമിപ്പിക്കുന്നവരെ നിങ്ങൾ സ്വസ്ഥമായിരിക്കരുത്. (വാക്യം – 6)

സിയോന്റെ നീതിയും രക്ഷയും സമ്പൂർണ്ണമാകണമെങ്കിൽ അതിന്റെ കാവൽക്കാർ അടങ്ങിയിരിക്കാൻ പാടില്ല അവർ രാപ്പകൽ മിണ്ടാതിരിക്കരുത്. അവർ യഹോവയെ ഓർമിപ്പിച്ചുകൊണ്ടിരിക്കണം. അവർ സ്വസ്ഥരാകരുത്. അവൻ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അതിനെ പ്രശംസാവിഷയമാക്കുവോളവും അവനു സ്വസ്ഥത കൊടുക്കയുമരുത്. (വാക്യം. 7)

പ്രവാചകൻ യെരുശലേമിന്റെ കാവൽക്കാരോട് പറയുന്നത് നിങ്ങൾ സ്വസ്ഥമായിരിക്കരുത്. മാത്രമല്ല യഹോവയ്ക്കും സ്വസ്ഥതകൊടുക്കരുത്. യെരുശലേം ഭൂമിയിൽ പ്രശംസാവിഷയമാകുവോളം യഹോവയ്ക്കു വിശ്രമം നൽകരുതെന്നാണ് മറ്റൊരർത്ഥം. ദൈവം നമുക്ക് ഒരു വാഗ്ദത്തം നൽകിയാൽ അതിൽ മുറുകെ പിടിച്ച് നിരന്തര പ്രാർത്ഥനയിലൂടെ അത് പ്രാപിച്ചെടുക്കണം. പ്രാർത്ഥനയിൽ നാം മടുത്ത് പോകാനും പാടില്ല. കർത്താവിന്റെ ഉപമയിൽ ന്യായാധിപനെ വിധവ അസഹ്യമാക്കിയതു പോലെ കൃപാസനത്തിൽ ധൈര്യത്തോടെ ചെന്ന് നമ്മുടെ ന്യായങ്ങൾ സ്ഥാപിച്ചെടുക്കാം.

പ്രാർത്ഥനയിൽ യെരുശലേമിന്റെ അഭിശാപങ്ങൾ മാറുമെന്ന് പ്രവാചകൻ വിശ്വസിച്ചു. അതിന്റെ നീതി പ്രഭാതം പോലെയും അതിന്റെ രക്ഷ ജ്വലിക്കുന്ന വിളക്കുപോലെയും വിളങ്ങി വരുമെന്നും യെരുശലേമിന് യഥാസ്ഥാനവും ഭൂമിയിൽ പ്രശംസാവിഷയവും ഉണ്ടാകുമെന്നും യെശ്ശയ്യാവ് പ്രത്യാശിച്ചു. പ്രാർത്ഥന കേൾക്കുന്ന യഹോവയ്ക്കു സിയോനെ തന്റെ കയ്യിൽ ഭംഗിയുള്ള കിരീടവും ദൈവത്തിന്റെ കയ്യിൽ രാജമുടിയും ആയി ആദരിക്കുവാൻ കഴിയും. പ്രാർത്ഥനയിലൂടെ ദുരന്തങ്ങളുടെ പഴയ ചരിത്രവും പേരുദോഷങ്ങളും മാറ്റി അനുഗ്രഹത്തിന്റെയും ആഹ്ലാദത്തിന്റെയും പുതിയ പേരു നേടിയെടുക്കാനാകും. പ്രാർത്ഥിക്കുന്നവൾ ഇനിയൊരിക്കലും അസുബായും ശെമമായുമല്ല. അവളിനി ഹെഫ്സീബാ അഥവാ ആഹ്ലാദവതിയാണ്. എല്ലാവരും മറന്നവളും വിരൂപയുമായവൾ ഇനി തന്റെ മണവാളൻ ആഗ്രഹിക്കത്തക്ക വണ്ണം സുന്ദര രൂപിണിയായി മാറിയിരിക്കുന്നു.

പ്രാർത്ഥന വ്യക്തികളുടെയും ദേശത്തിന്റെയും ചരിത്രം മാറ്റിക്കുറിക്കും. നമുക്ക് സ്വസ്ഥമായിരിക്കാതെ, അടങ്ങിയിരിക്കാതെ യഹോവയെ നമ്മുടെ സങ്കടങ്ങൾ ഓർമിപ്പിക്കാം. അവനു സ്വസ്ഥത കൊടുക്കരുത്. നമുക്ക് പ്രശംസ ലഭിക്കുവോളം പ്രാർത്ഥന തുടരാം.

# അഗപ്പെ മിഷൻ ജനറൽ കൺവൻഷൻ

നിലമ്പൂർ: മലബാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അഗപ്പെ ഗോസ്പൽ മിഷന്റെ 15 – മത് ജനറൽ കൺവൻഷൻ 2010 ജനുവരി 21 വ്യാഴം മുതൽ 24 ഞായർ വരെ മിഷൻ കേന്ദ്രമായ നിലമ്പൂർ അഗപ്പെ ഹിൽസിൽ നടന്നു പ്രസിഡന്റ് സുവി.പി.എം. അലക്സാണ്ടർ ഉദ്ഘാടനംചെയ്തു. രാജൻ ആര്യപ്പള്ളിയിൽ, പാസ്റ്റർ. സി.കെ.തോമസ്, പാസ്റ്റർ. കെ.വി. ജോർജ്ജ് എന്നിവർ ഈ യോഗങ്ങളിൽ പ്രസംഗിച്ചു. മിഷനറി സമ്മേളനം, സഹോദരീ സമ്മേളനം, യുവജനസമ്മേളനം, ബൈബിൾ ക്ലാസ്സ്, കൗൺസിലിങ്ങ് സെമിനാർ, സ്നാനം, സംയുക്താരാധന തുടങ്ങിയവ കൺവൻഷന്റ ഭാഗമായി നടന്നു. കേരളം കൂടാതെ തമിഴ്നാട്, കർണ്ണാടക, ഡെൽഹി എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ദൈവദാസന്മാരും വിശ്വാസികളും ഈ കൺവൻഷനിൽ പങ്കെടുത്തു. പാസ്റ്റർ. ജോസ് എബ്രഹാം, പാസ്റ്റർ. വർഗീസ് യോഹന്നാൻ, സുവി. ജോസഫ് ഇടക്കാട്ടിൽ തുടങ്ങിയവർ നേതൃത്വം നുൽകി.

## നിത്യതയിൽ



അറ്റ്ലാന്റാ: ആലുവ ചരിവുകാലായിൽ (ഗ്രേസ് വില്ല) പരേതനായ സി. എം. കുരുവിളയുടെ മകളും, കരിയം പ്ലാവ് കോളാകോട്ട് പി. സി. ജോസഫിന്റെ (റിട്ട. എ. ഇ. ഒ) ഭാര്യയുമായ അമ്മിണി ജോസഫ് – 74 (റിട്ട. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്) അമേരിക്കയിൽ അറ്റ്ലാന്റയിൽ നിര്യാതയായി. ശവസംസ്കാരം ഫെബ്രു. 20 ശനി പകൽ 10:00 മണിക്ക് നടക്കും. മക്കൾ സിസ്സി, പരേതയായ ജെസ്സി. മരുമക്കൾ റോയി, രാജു, കൊച്ചുമകൻ ഫിലിപ്പ് (എല്ലാവരും യു,എസ്.എ)

# പാസ്റ്റർ പി. എസ്. ഫിലിപ്പിന്റെ പിതാവ് കർത്തൃസന്നിധിയിൽ

പത്തനംതിട്ട: സൗത്ത് ഇന്ത്യാ അസംബ്ലി ഓഫ് ഗോഡ് അസിസ്റ്റന്റ് സൂപ്രണ്ടും പുനലൂർ ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പലുമായ പാസ്റ്റർ പി. എസ്. ഫിലിപ്പിന്റെ പിതാവ് തോന്നിയാമല പാലയ്ക്കത്തറയിൽ പി. പി. ശാമുവേൽ (83) ഫെബ്രുവരി മൂന്നിനു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ചൊവ്വാഴ്ച സഭാസെമിത്തേരിയിൽ നടന്നു.

തോന്നിയാമലയിലെ മാർത്തോമാ – ഇവാഞ്ചലിക്കൽ സഭകളിൽ നിന്നും പെന്തെക്കോസ്തു സത്യങ്ങൾ മനസിലാക്കി 1962 –ൽ വേർതിരിഞ്ഞ പതിനൊന്നു കുടുംബങ്ങൾ ചേർന്ന് അവിടത്തെ ആദ്യ. ഏ. ജി. സഭയ്ക്കു രൂപം നൽകുകയായിരുന്നു. അവരിൽ പ്രമുഖ കുടുംബമായിരുന്നു പാലയ്ക്കത്തറയിലേത്. തോന്നിയാമല ഏ. ജിയുടെ സ്ഥാപനത്തിലും വളർച്ചയിലും മുഖ്യ പങ്കു വഹിച്ചിരുന്ന അദ്ദേഹം മുപ്പത്തിയാറു വർഷം സഭയുടെ സെക്രട്ടറിയായിരുന്നു. നാല്പത്തിയഞ്ചു വർഷം സണ്ടേസ്കൂൾ അധ്യാപകനായും ഹെഡ്മാസ്റ്ററായും സേവനമനുഷ്ടിച്ചു.

സുവിശേഷ പ്രവർത്തനത്തിൽ സജീവ പങ്കാളിയായിരുന്ന പരേതൻ കൊന്നമൂട്, അയിരൂർ എന്നീ പ്രദേശങ്ങളിൽ സഭകകൾ സ്ഥാപിക്കുന്നതിനു സഹായിയായിരുന്നു. നാല്പതു വർഷമായി അത്ഭുതരോഗശാന്തിയിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന പരേതൻ 1970 –ൽ മാരകമായ ക്യാൻസർ ബാധിച്ച് അത്യാസന്നനിലയിൽ ആയിരുന്നിട്ടും പ്രാർത്ഥനയിൽ അത്ഭുതരോഗശാന്തി പ്രാപിക്കുകയായിരുന്നു. സഭാ വ്യത്യാസമില്ലാതെ നാട്ടിലെ സുവിശേഷ പ്രവർത്തനങ്ങളെയും സുവിശേഷകരെയും കൈതുറന്നു സഹായിച്ചിരുന്നു.

ഭാര്യ ഉതിമൂട് കിഴക്കേതിൽ റാഹേലമ്മ, ലീലാമ്മ, ചിന്നക്കുട്ടി, സുസമ്മ, പാസ്റ്റർ പി. എസ്. മാത്യു, പാസ്റ്റർ പി. എസ്. ജോർജ്ജ്, പി. എസ്. ജെയിംസ് എന്നിവരാണു മറ്റു മക്കൾ. മരുമക്കൾ: ലീലാമ്മ, ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സഭകളിൽ ഒന്നായ വിജയവാഡ ഏ. ജി. പാസ്റ്റർ ജേക്കബ് ജോൺ, സി. സി. സൈമൺ, ഫിലിപ്പോസ് ജോർജ്ജ്, ഗ്രേസ്ക്കുട്ടി, ഷീല, ജെസി.

## നിത്യതയെക്കുറിച്ച് ഉറപ്പുവരുത്തുക ...... 12 –ാം പേജ് തുടർച്ച

വി. സി. യോഹന്നാൻ, എബി ഏബ്രഹാം, പി. സി. ചെറിയാൻ, സിസ്റ്റർ ലില്ലിക്കുട്ടി ശാമുവേൽ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ഞായറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് കർത്തൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ക്രൈസ്റ്റ് സിംഗേഴ്സ് ചെങ്ങന്നൂർ ഗാനങ്ങളാലപിച്ചു.

മാധ്യമവിചാരം

# ബൈബിൾ നിഘണ്ടുവും മുല്ലക്കര സാറും



അനിൽ കൊടിത്തോട്ടം

മാധ്യമങ്ങൾ ക്രിയാത്മകമായി നടത്തിയ ഇടപെടലുകൾ ഗുണപരമായ ചില മാറ്റങ്ങൾ പെന്തെക്കോസ്ത് ആത്മീയ മണ്ഡലത്തിൽ വരുത്തിയെന്നത് ചാരിതാർത്ഥ്യ ജനകം. ക്രൈസ്തവ ചിന്ത, ജേണൽ, സ്വർഗ്ഗീയ ധ്വനി എന്നീ മാധ്യമങ്ങൾ ദുരുപദേശകർക്കും കടുത്ത നടപടി ദൂഷ്യം ആരോപിക്കപ്പെട്ട അമിട്ട് പ്രസംഗകർക്കും എതിരെ ശക്തമായ നിലപാട് എടുത്തു. ക്രൈസ്തവ ചിന്ത ഒരുപടികൂടി കടന്ന് ദുരുപദേശങ്ങൾക്കെതിരെ അപ്പോളജെറ്റിക്സ് സെമിനാറുകൾ കേരള മെമ്പാടും സംഘടിപ്പിച്ച് നവ പ്രവണതകളായ അനാത്മീക കോമാളിത്തരങ്ങളെ പ്രതിരോധിച്ചു പോരുന്നു.

പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചിട്ട് മാസങ്ങളുടെ മാത്രം പ്രായമുള്ള ആത്മീക ശിശുവായ ദേവസ്യമുല്ലക്കര എന്ന പുതിയ ശിഷ്യൻ ബൈബിളുമായി ബന്ധമില്ലാത്ത തോന്നലുകളെ ആത്മീക മണ്ഡലത്തിൽ ആവീഷ്കരിച്ച് ഇവിടെ നിലനിന്ന മാനവിക സൗഹാർദ്ദങ്ങളെ നശിപ്പിക്കുന്നു വെന്ന് പ്രതിപാദിച്ച്, വചനം പഠിക്കുന്നതു വരെ മുല്ലക്കരയെ പ്രസംഗിക്കാൻ വിളിക്കരുത് എന്ന മുന്നറിയിപ്പു നൽകിയ ക്രൈസ്തവ ചിന്തയുടെ നിലപാടിനെ ശരി വെയ്ക്കും വിധം ഐ. പി. സി. സ്റ്റേറ്റ് കൗൺസിൽ പ്രസ്താവന ഇറക്കേണ്ടി വന്നു.

ഐ. പി. സിയുടെ കുമളി സെന്ററിൽ പ്രസംഗകനായി എത്തിയ മുല്ലക്കര സാർ വിഷയ ദാരിദ്രത്തിന് ഒപ്പം ആവേശം കൂടി ആളിക്കത്തിച്ചപ്പോൾ കന്യാസ്ത്രീ മഠങ്ങളെയും സെമിനാരികളെയും കണക്കറ്റു കളിയാക്കി. ഒടുവിൽ ഹൈന്ദവ ദൈവങ്ങളെകൂടി കടന്നാക്രമിക്കുന്ന വേളയിൽ രംഗം വഷളായി. ചുരുക്കത്തിൽ കുമളി സെന്റർ കൺവൻഷൻ പാതി വഴിയിൽ ഉപേക്ഷിക്കേണ്ടിവരുമോ എന്ന സ്ഥിതിയിലായി! ഇതിനിടയിൽ സാർ സ്നാനപ്പെട്ട ആളല്ല എന്ന യുക്തി സഹജമായ നിലപാടിൽ പത്രങ്ങളെത്തിയപ്പോൾ പ്രതിരോധിക്കാൻ സാർ 'ഒരു മാധ്യമ'ത്തെ അരികിൽ വിളിച്ചതായി അറിയുന്നു. സ്നാനപ്പെട്ടതിന് ഒരു സർട്ടിഫിക്കറ്റും ഹാജരാക്കിയത്രെ. കാരുണ്യ ഹോസ്പിറ്റൽ അടക്കമുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ഒരു കോർപറേറ്റ് മാനേജർ തന്നെ സ്നാനപ്പെടുത്തിയെന്ന് അവകാശപ്പെടുന്ന സാർ ഇനിയും കബളിപ്പിക്കൽ തുടരുമെന്നർത്ഥം. കംപ്യൂട്ടർ യുഗത്തിൽ ഡോക്ടറേറ്റ് പോലും അമ്പതു രൂപ അടച്ചാൽ പ്രിന്റ് എടുത്തു കിട്ടുന്ന കാലത്ത് സാറിന് ഒരു സർട്ടിഫിക്കറ്റ് ഉണ്ടാക്കാൻ പെടാപ്പാട് ഒന്നും പെടേണ്ടി വരികയില്ലെന്ന് സാമാന്യ ബുദ്ധി ഉള്ളവർക്കറിയാം.

അല്ലെങ്കിൽ തന്നെ സി. എസ്. ഐ. വിശ്വാസം പുലർത്തുന്ന ആൾ എങ്ങനെയാണാവോ നിമഞ്ജന സ്നാനത്തിന്റെ സർട്ടിഫിക്കറ്റ് ഉണ്ടാക്കികൊടുക്കുക. ചുരുക്കത്തിൽ സാറിനിഷ്ടം സ്നാനപ്പെടാതെ സ്നാനം നടത്താനാണ്.

ഉപദേശപരമായ ഗൗരവമേറിയ ഈ വിഷയം കാര്യമായ ചർച്ച്യ്ക്ക് എടുക്കാൻ ജേണലും ക്രൈസ്തവ ചിന്തയും ,സ്വർഗ്ഗീയ ധ്വനിയും മാത്രമേ തയ്യാറായുള്ളൂ എന്നത് ശ്രദ്ധേയം. പെന്തെക്കോസ്തു വിശ്വാസികളുടെ വരിസംഖ്യയും സാമ്പത്തീക സഹായവും കൈപ്പറ്റി പ്രസിദ്ധീകരിച്ചു പോരുന്ന ഇതര മാധ്യമങ്ങൾ ഈ വിഷയത്തിൽ മൗനം പാലിച്ച് ഉപദേശത്തിൽ പാഷാണം കലർത്തി സാമാന്യ ജനത്തെ നശിപ്പിക്കാൻ വരുന്ന ഇത്തരം വ്യാജന്മാർക്ക് നിശബ്ദ പിൻതുണ നൽകുന്നതിൽ പിൽകാല ചരിത്രം ഇത് വിചാരണ ചെയ്യും എന്ന് അറിയുന്നത് നന്ന്. എന്നാൽ പത്രക്കുറിപ്പിറക്കി ഐ. പി. സി. സ്റ്റേറ്റ് കൗൺസിൽ ഇതിനോട് പ്രതികരിച്ചത് നിലപാടുകളുടെ അംഗീകരമായി വേണം കാണാൻ.

ജോർജ്ജ് വെർവറുടെ കേരള സന്ദർശനം മാധ്യമങ്ങൾക്ക് പ്രധാന വാർത്തയായിരുന്നു. ഉയർന്ന മിഷൻ ദർശനവും ലോക രാഷ്ട്രങ്ങളുടെ ആത്മീക നിലവാരത്തെക്കുറിച്ചും ആഴത്തിൽ ബോധ്യമുള്ള വെർവർ കേരളത്തിലെത്തിയത് തീർച്ചയായും ശ്രദ്ധാർഹം. പക്ഷേ, വിദേശ കോച്ചിനെ ഇറക്കി കളി ജയിക്കാം എന്ന മോഹം പരീക്ഷിച്ച 'ഏഷ്യൻ ഇലവണ്ണിന്റെ ക്യാപ്റ്റന് ഇനിയും കാര്യങ്ങൾ മനസ്സിലായില്ലെന്ന് തോന്നുന്നു. കമ്പം, തേനി തുടങ്ങിയ തമിഴ് മേഖലകളിൽ നിന്നും മാടുകളെ എത്തിക്കുന്ന രീതിയിൽ തന്റെ ചപ്പടാഞ്ചികേൾക്കാൻ ആളുകളെ എത്തിക്കുന്ന പതിവിന് ഒരു മാറ്റം വരാൻ വെർവറുടെ സാന്നിധ്യം ഉതകുമെന്ന് ഈ ആത്മീക വ്യാപാരി ദിവാ സ്വപ്നം കണ്ടു. "അച്ചായാ കുടിക്കരുതെ, അമ്മച്ചി കടിക്കരുതേ" എന്നൊക്കെയുള്ള നിലവാരം കുറഞ്ഞ പ്രസംഗത്തിനൊപ്പം തന്നെ സ്വയം 'തിരുമനസ്സായി' അവതരിപ്പിക്കുന്ന വീരസ്സ്യങ്ങൾ കേൾക്കാൻ പാസ്റ്ററും അച്ചനുമല്ലാത്ത കുറെ 'പാച്ചന്മാരും' അവർ കൂലിക്കിറക്കിയ ചില കുഞ്ഞാടുകളുമൊഴിച്ചാൽ കാര്യമായി ആരെയും തോട്ടഭാഗത്തും കാണാനില്ലായിരുന്നു.

സ്വർഗ്ഗീയ വിരുന്നിലെ തുടരുന്ന ആത്മീയ തട്ടിപ്പിന്റെ ഒടുവിലത്തെ ഉദാഹരണമായി വ്യാജ ആസ്ട്രേലിയൻ സ്റ്റുഡന്റ് വിസ തട്ടിപ്പിൽ അറസ്റ്റിലായ തങ്കു അനുഗാമികളായ ആൽഫാ ജോൺസൺ, രഞ്ജിത്ത് എന്നിവരുടെ അവസ്ഥ. ജേണൽ ഇതിനെ 'ക്രിമിനൽ ഫീസ്റ്റ്' എന്ന തലക്കെട്ടിൽ അവതരിപ്പിച്ചപ്പോൾ മറ്റു പത്രങ്ങൾ മൗനം അവലംബിച്ചു. അനുബന്ധ ലേഖനം തയ്യാറാക്കിയ ജെയ്സ് പാണ്ടനാടിന്റെ വിശകലനം അഭിനന്ദനം അർഹിക്കുന്നു.

ബൈബിൾ പഠന രംഗത്ത് ഡേക്സ്, ടിൻഡേൽ, റയറി, മക്ആർതർ തുടങ്ങിയ പാശ്ചാത്യ എഴുത്തുകാർ നിർവ്വഹിച്ച ശ്രമകരമായ ജോലി കേരളത്തിൽ തുടങ്ങിവെച്ച ഡോക്ടർ എ. പി. ദാനിയേലിന്റെ വിയോഗം ശ്രദ്ധാർഹമാണ്. മികവുറ്റ നിലയിൽ അത് അനുസ്മരിച്ച ഹല്ലേല്ലൂയ്യായ്ക്ക് അഭിനന്ദനം. കാര്യമായ ബൈബിൾ വായന ഒന്നും കൂടാതെ ആളുകളെ കൂലിയ്ക്ക് ഇരുത്തി പഠന കുറിപ്പുകൾ തയ്യാറാക്കി സ്വന്തം പേരിൽ പുറത്തിറക്കുന്ന ഉണക്ക പണ്ഡിതന്മാരുടെ ലോകത്ത് കഠിനാദ്ധ്വാനത്തിന്റെയും ക്രിയാത്മകതയുടെയും വേറിട്ട വഴിയെ നടന്ന എ. പി. ദാനിയേൽ തുടങ്ങിവെച്ചത് ഏതെങ്കിലും ഒരു മലയാളി തുടരുമെങ്കിൽ അത് ജി. സുശീലനാണ്. അദ്ദേഹമാകട്ടെ തികച്ചും മൗലീകവും മൂലഭാഷകളോട് നീതി പുലർത്തുന്ന വ്യാഖ്യാന രീതികളുമായി നിലവിലുള്ള ബൈബിൾ പഠിതാക്കളിൽ മുൻപന്തിയിൽ നിൽക്കുന്നു. നമുക്ക് പ്രാർത്ഥിക്കാം. ജി. സുശീലനെപ്പോലെയുള്ളവർ ഈ രംഗത്ത് കൂടുതൽ ശോഭിക്കാനും സാഹിത്യ മോഷ്ടാക്കൾ അത് അപഹരിക്കാതെയിരിക്കാനും.

**Belivers Journal**
P.O. Box:31,Manjadi. P.O.,
Thiruvalla - 689 105
Office: 9349276586
Mob: 9447368795

## മുല്ലക്കരയുടെ പ്രസംഗം വരുത്തിയ വിന

**സണ്ണി ഇലഞ്ഞിമറ്റം, കുമളി**

കുമളി: മതസൗഹാർദ്ദത്തിനു കേൾവികേട്ട മലയോര ഗ്രാമമായ അണക്കരയിൽ ദേവസ്യമുല്ലക്കരയുടെ പ്രസംഗത്തെ തുടർന്ന് സമുദായ സഭകളും വിശ്വാസികളുടെയും വിവിധ വിഭാഗങ്ങളുടെയും എതിർപ്പിനെ തുടർന്ന് കൺവൻഷൻ തടസ്സപ്പെട്ടു. ഫെബ്രുവരി 3 മുതൽ 7 വരെ നടന്ന ഐ. പി. സി. കുമളി സെന്റർ കൺവൻഷനിലായിരുന്നു സംഭവം. സ്റ്റേജിലെത്തിയാൽ പറയേണ്ടതെന്തെന്നു മറക്കുന്ന മുല്ലക്കരയുടെ വാചകങ്ങളാണ് സമുദായ സംഘർഷത്തിലെത്താവുന്നസ്ഥിതിയിലെത്തിച്ചത്. പോലീസ് ബന്തവസിൽ മൈക്കില്ലാതെ തുടർന്നുള്ള ദിവസങ്ങളിൽ യോഗം നടത്തിപ്പിരിഞ്ഞു. ഒരു കാറിൽ രഹസ്യമായി മുല്ലക്കരയെ സംഭവസ്ഥലത്തുനിന്ന് സംഘാടകർ രക്ഷപ്പെടുത്തുകയായിരുന്നു. 2009 ജൂണിൽ വണ്ടിപ്പെരിയാറിൽ നടന്ന യോഗത്തിലും മുല്ലക്കരയുടെ പ്രസംഗത്തിലെ വാക്കുകൾ അതിരു കടന്നതായിരുന്നു പ്രാർത്ഥനക്കായി കാത്തുനിന്ന ഒരു സഹോദരിയെ എടീ പോടീയെന്ന് വിളിച്ച് ആകോശിച്ചത്. സംസാരവിഷയമായിരുന്നു. അഹന്ത നിറഞ്ഞവാക്കുകളുമായി പ്രസംഗവേദിയിലെത്തുന്ന മുല്ലക്കര തകർത്തത് ഒരു നാട്ടിലെ സമാധാനാന്തരീക്ഷമാണ്.

30 വർഷമായി കൊയ്ത്തുകാരെ പരിശീലിപ്പിക്കുന്ന ഒരു ഉത്തമ സ്ഥാപനം

**പെനിയേൽ ബൈബിൾ സെമിനാരി**

കീഴില്ലം, എറണാകുളം - 683 541, കേരളം

| കോഴ്സുകൾ | വർഷം | യോഗ്യത |
|---|---|---|
| M. Div. (ഇംഗ്ലീഷ്) | 3 | B.A/ B.Sc/ B.com./ Equivalent |
| M.Div. (ഇംഗ്ലീഷ്) | 2 | B.Th (ATA)/ Equivalent |
| B.Th. (ഇംഗ്ലീഷ്) | 3 | PDC/PUC/+2 Pass |
| Dip. Th. (ഇംഗ്ലീഷ് / മലയാളം) | 2 | SSLC Pass/Equivalent |
| Certificate (മലയാളം) | 1 | |

- മികച്ച ആത്മീക അന്തരീക്ഷത്തിൽ വേദശാസ്ത്ര പഠനവും പ്രായോഗിക പരിശീലനവും
- ആത്മീക അനുഭവ സമ്പന്നരും ബിരുദധാരികളുമായ അദ്ധ്യാപകർ
- ഐ. പി. സി. ജനറൽ കൗൺസിൽ അംഗീകരിച്ച സ്ഥാപനം
- വിപുലമായ ലൈബ്രറി സൗകര്യം
- വിവാഹിതർക്ക് (ഭാര്യയ്ക്കും ഭർത്താവിനും) ഒരുമിച്ച് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം (ഫാമിലി ക്വാർട്ടേഴ്സ്)
- സഭാ വ്യത്യാസം ഇല്ലാതെ അർഹതയുള്ള യുവതീയുവാക്കൾക്കു പ്രവേശനം

**M.Th (Two Year Peniel Programme in the branch of Missions & Evangelism)**
Candidate should have a B.D. or M.Div. degree with minimum Second class (B) with Ministry experience and pass in the Entrance examination and personal interview conducted by the Seminary.

**2010 മെയ് മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു**

SSLC ജയിച്ചവരും 2 വർഷത്തെ Dip. Th.(ATA) കഴിഞ്ഞവരുമായവർക്ക് 3 വർഷം കൊണ്ട് B. Th.

പ്രോസ്പെക്റ്റസിനും അപേക്ഷാഫോറത്തിനും 50 രൂപ മണി ഓർഡർ അയയ്ക്കുക.
പെനിയേൽ ബൈബിൾ സെമിനാരി, കീഴില്ലം പി.ഒ; എറണാകുളം - 683 541
ഫോൺ - 0484 - 265 3070, 265 4775, ഫാക്സ്: 0484 - 265 3070, E-Mail: pbskeezhillam@yahoo.com

M.DIv., B.Th & Dip. Th. PROGRAMMES ARE ACCREDITED BY ASIA THEOLOGICAL ASSOCIATION (ATA)

വിധിയും വിചാരണയും

# മനുഷ്യൻ എത്രയോ പിൻപിലാണ്?



രാജു ആനിക്കാട്

മനുഷ്യൻ ഭയത്തോടെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന പ്രധാന വസ്തുത ന്യായവിധി ഉണ്ടെന്നതുകൊണ്ടാണ് പക്ഷേ ഇന്നത്തെ പ്രശ്നം ന്യായവിധി മറന്നു ജീവിക്കുന്നു എന്നതാണ്.

സർവ്വജ്ഞാനിയായ ദൈവത്തിന്റെ മുൻപിൽ ഒന്നും മറവായിരിക്കയില്ല. അന്ത്യനായവിധിയുടെ സമയത്ത് മനുഷ്യന്റെ പ്രവർത്തികളെ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകങ്ങൾ തുറക്കുന്നതിനെക്കുറിച്ച് വെളിപ്പാടുകാരൻ പറയുന്നുണ്ട് (വെളി. 20:12) ക്രിസ്തുവിന്റെ ന്യായാസനത്തെക്കുറിച്ച് പൗലോസ് പറയുന്നത് ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കും എന്നാണ്. (2കൊരി5:10)എന്തായാലും പ്രവൃത്തികൾക്കുള്ള പ്രതികാരവും പ്രതിഫലവും എല്ലാം അപ്പോൾ രേഖപ്പെടുത്തുന്നു എന്നത് ബൈബിൾ നൽകുന്ന മുന്നറിയിപ്പാണ്. അങ്ങനെയെങ്കിൽ എത്രമാത്രം കരുതലോടെ ജീവിക്കേണം എന്നത് നാം ചിന്തിക്കേണ്ടതാണ്.

ദൈവവചനം തരുന്ന തെളിവിന്റെ അടിസ്ഥാനത്തിൽ വാക്കുകൾക്ക് (മത്തായി 12:36,37) പ്രവൃത്തികൾക്ക് (വെളി 20:12-13, റോമ 2:5-6) ഹൃദയത്തിലെ ചിന്തകൾക്ക് (1കൊരി 4:5; സദൃ 23:7) സകല രഹസ്യങ്ങൾക്കും (സഭാ 11:24, റോമ 2:16) ന്യായമായ വിധിയുണ്ടാകും. ജീവിതത്തിന്റെ വിശുദ്ധിയുടെ മാനദണ്ഡം ഈ മേഖലകളിൽ കരുതലോടെ ജീവിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്.

പരീശന്മാരുടെ കാലത്തെപ്പോലെ പുറം വിശുദ്ധി എല്ലാം ഭംഗിയാക്കി ആന്തരിക കാര്യങ്ങളിൽ ഒട്ടും ശ്രദ്ധിക്കാതെ പോകുമ്പോൾ വരാൻ പോകുന്ന ന്യായവിധി മറക്കുന്നു എന്നാണർത്ഥം.

മനുഷ്യൻ മനുഷ്യന്റെ കണ്ണിനു കണ്ടെത്താവുന്ന എല്ലാ മേഖലയിലും ആവോളം വിശുദ്ധരാകാൻ ശ്രമിക്കുന്നുണ്ട്. അതു നല്ല കാര്യം തന്നെയാണ്. പക്ഷേ ദൈവീക ന്യായവിധിക്കു മുൻപിൽ അതി പ്രയോജന രഹിതമായതാണ്. രഹസ്യത്തിൽ കാണുന്ന ദൈവം രഹസ്യങ്ങളെയാണ് വിലയിരുത്തുന്നത്.

മനുഷ്യൻ ശരിരത്തിലിരിക്കുമ്പോൾ ചെയ്യുന്ന കാര്യങ്ങൾക്കെല്ലാം ദൈവസന്നിധിയിൽ കണക്കുണ്ട്. അതുകൊണ്ട് ആന്തരീക വിശുദ്ധിക്കു വേണ്ടി പഞ്ചേന്ദ്രീയങ്ങളുടെ മേലാണ് ജയിക്കേണ്ടത്. ചിന്തകൾ പ്രവർത്തിലേക്ക് കൊണ്ടുവരുന്നത് അവയവങ്ങളാണ്. അവിടെ നിയന്ത്രണം ഏർപ്പെടുത്താൻ കരുത്തുള്ളവരേ ജീവിതത്തിൽ വിജയിക്കുകയുള്ളൂ.

മനുഷ്യന്റെ ശരീരത്തിനു എന്തുമാത്രം പ്രാധാന്യമുണ്ടെന്ന് പൗലോസ് പറയുന്നു (റോമ 12:1) ശരീരം ദൈവം വസിക്കുന്ന മന്ദിരമാണെന്നും വചനം സാക്ഷ്യപ്പെടുത്തുന്നു (1കൊരി 3:16) അതിലെ അവയവങ്ങളായ കണ്ണും, കാതും, നാവും എല്ലാം നിയന്ത്രണ വിധേയമായി കാക്കുവാൻ വചനം ആഹ്വാനം ചെയ്യുന്നു (മത്തായി 5:28-30, യാക്കോ. 3:2-5) നിർഭാഗ്യം എന്നു പറയട്ടെ. വിശ്വാസി എന്നു പേരുള്ളവർക്ക് ഇത്യാദി കാര്യങ്ങളിൽ ഒന്നിലും വിശ്വാസമില്ല. ന്യായിവിധിയിൽ വിശ്വാസമില്ലാത്തവർക്ക് എങ്ങനെ വിശുദ്ധനാകാൻ കഴിയും.

സാത്താൻ മനുഷ്യനേക്കാൾ മുമ്പിലാണ്. നമ്മെ അത്ഭുതപ്പെടുത്തേണ്ട വസ്തുത ദുരാത്മാക്കൾ പോലും നിരീശ്വരവാദികളോ അജ്ഞാനവാദികളോ അല്ല. അവർ ദൈവ വാസ്ത്യകൃത്തിൽ വിശ്വസിക്കുന്നു. വചനത്തിൽ വിശ്വസിക്കുന്നു. യേശു മടങ്ങി വരുമെന്നു വിശ്വസിക്കുന്നു. അവരുടെ ന്യായവിധി വരുന്നു എന്നു വിശ്വസിക്കുന്നു (മർ 3:11, ലൂക്ക് 4:41, മർ 1:34, മത്താ. 8:29, ലൂക്ക്.8:31) യേശുവിന്റെ ശിഷ്യന്മാർ പലതുകൊണ്ടും സാത്താനേക്കാൾ പിൻപിലാണ് (യാക്കോ 2:19) നമുക്ക് ജയിക്കാൻ വേണ്ടി ജീവിക്കാം.

## ഗുഡ്ന്യൂസ് കൺവൻഷനും ഗ്രാജുവേഷനും

കീഴില്ലം: പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന 30-ാമത് ഗുഡ്ന്യൂസ് കൺവൻഷൻ കീഴില്ലം ഗുഡ്ന്യൂസ് ഗ്രൗണ്ടിൽ വച്ച് നടന്നു. പാസ്റ്റർ കെ, സി, മാത്യുസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റേഴ്സ് ഡോ. ജെയ്സൺ തോമസ്, ജോൺസൺ ഡാനിയേൽ, വി.എം. ഏബ്രഹാം, എസ്. പി. ചാക്കോ, ബാബു ജോർജ്ജ് തുടങ്ങിയവർ വചനം പ്രസംഗിച്ചു. പെനിയേൽ വോയ്സ് ഗാനങ്ങൾ ആലപിച്ചു. സെമിനാരിയുടെ 27-ാമത് ബിരുദദാന ശുശ്രുഷ പെനിയെൽ ഓഡിറ്റോറിയത്തിൽ പ്രൊഫ. എസ്. പി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ നടന്നു. മുഖ്യാഥിതിയായിരുന്ന പാസ്റ്റർ റ്റി. വത്സൻ എബ്രഹാം യജമാനന് ഉപയോഗമുള്ള മാനപത്രം എന്ന വിഷയത്തെ ആസ്പതമാക്കി സന്ദേശം നൽകി. വിജയകരമായി പഠനം പൂർത്തിയാക്കിയ 50 വിദ്യാർത്ഥികൾക്ക് ബിരുദവും സർട്ടിഫിക്കറ്റുകളും പ്രൊഫ.എസ്. പി. ചാക്കോ വിതരണം ചെയ്തു. ഇവാ. ഇ. ടി. ബോവസ് സ്വഗതവും, പാസ്റ്റർ ബാബു ജോർജ്ജ് കൃതജ്ഞതയും രേഖപ്പെടുത്തി. ഗ്രാജുവേഷാനന്തരം പെനിയേൽ സെമിനാരി പൂർവ്വവിദ്യാർത്ഥി സമ്മേളനവും നടന്നു. അടുത്ത അദ്ധ്യായന വർഷത്തെ ക്ലാസ്സുകൾ മെയ് മാസം 17-ന് ആരംഭിക്കും. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഫെബ്രുവരി 5, മാർച്ച് 15 , ഏപ്രിൽ 28, മെയ് 1, മെയ് 17 (ശനി - നോർത്ത് ഇന്ത്യൻ സിനു വേണ്ടി). എന്നീ തീയതികളിൽ കീഴില്ലം പെനിയെൽ ബൈബിൾ സെമിനാരിയിൽ വച്ച് ഇന്റർവ്യൂ നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0484 - 2653070, 2654775

## ഫ്രണ്ട്സ് ഓഫ് തിരുവല്ല അവാർഡുകൾ

(ഷാജി രാമപുരം)

ഡാളസ്: ടെക്സാസിലെ സാഹിത്യ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലും പത്രപ്രവർത്തവ രംഗത്തും പ്രഫണൽ രംഗത്തുമുള്ള പ്രഗൽഭരായ വ്യക്തികളെ ഫ്രണ്ട്സ് ഓഫ് തിരുവല്ല ഡാലസ് അവാർഡുകൾ നൽകി ആദരിച്ചു. ജനുവരി 16 -ന് നടത്തിയ മെഗാന്യൂ ഇയർ പരിപാടികളുടെ മുഖ്യ ഇനമായിരുന്നു ഈ അവാർഡു ദാനം. സ്റ്റാഫോർഡ് സിറ്റി ഡെപ്യൂട്ടി മേയർ കെൻ മാത്യുവും., ഷുഗർ ലാന്റ് കൗൺസിൽ മെമ്പറും ടി,എം. എൽ. പ്രസിഡന്റുമായ ടോം എബ്രഹാമും അവാർഡ് ദാനം നടത്തുകയും അവരവരുടെ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ചവരെ വ്യക്തിപരമായി അനുമോദിക്കുകയും ചെയ്തു. കല്ലിശ്ശേരി (കവിത) സിജു. വി. ജോർജ്ജ് (സാഹിത്യം), തുമ്പമൺ ജോയി, പി. പി. ചെറിയാൻ (പത്ര പ്രവർത്തനം) ടി, സി.ചാക്കോ, പി.റ്റി. ജോസ് (ദൃശ്യ മാധ്യമം) ജിമ്മി കുളങ്ങര, നെൽവിൻ തമ്പി (സംഗീതം), ജീന ജേക്കബ് (വിദ്യാഭ്യാസം), എന്നിവരാണ് അവാർഡിന് അർഹരായത്.

## ശാരോൻ ഫെലോഷിപ്പ് ചർച്ച് മലബാർ മേഖലാ കൺവൻഷൻ സമാപിച്ചു

നിലമ്പൂർ: ശാരോൻ ഫെലോഷിപ്പ് ചർച്ച് മലബാർ മേഖലാ കൺവെൻഷൻ എടക്കരയിൽ സമാപിച്ചു. പാസ്റ്റർ എബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഒ. കെ. തോമസ് കുട്ടി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ സി.എം. ടൈറ്റസ്, ജോയി തോമസ്, എബി അയിരൂർ, പി.ടി. തോമസ്, സിംജൻ ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ കെ. ജെ. ജോബ്, റ്റി.ഡി. മാനുവൽ, പി.ജെ. ജോസഫ്, ജോയി ഡോവിഡ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. 17ന് സഭായോഗത്തോടെ കർത്തൃമേശയോട് കൂടി കൺവൻഷൻ സമാപിച്ചു.

## ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗവും

തിരുവല്ല: കറ്റോട് ഐ. പി.സി എബനേസർ വർഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2010 ഫെബ്രുവരി 22 മുതൽ മാർച്ച് 14 വരെ ഉപവാസ പ്രാർത്ഥന നടത്തപ്പെടും. എല്ലാ ദിവസവും 10 മുതൽ 1.30 വരെയും 6.30 മുതൽ 9 വരെയും മീറ്റിംഗുകൾ ഉണ്ടായിരിക്കും. ഉച്ചക്ക് 2.30 മുതൽ മദ്ധ്യസ്ഥ പ്രാർത്ഥന അനുഗ്രഹീതരായ ദൈവ ദാസീദാസന്മാർ ശുശ്രൂഷിക്കും. പാസ്റ്റർ റ്റി. ഓ. രാജു മഞ്ഞാടി ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക്: 0469 - 2605899

## കൺവൻഷൻ

തോപ്പുംപടി: ദൈവസഭാ സെന്റർ കൺവൻഷൻ ഫെബ്രുവരി 12-14 വരെ കഴുത്തുമൂട്ട് ദൈവസഭയിൽ നടന്നു. പാസ്റ്റർ വി. ജോർജ്ജ് ഫിലിപ്പ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ പാസ്റ്റർ കെ. എ. തോമസ്, റ്റി.എം. കുരുവിള, ബിജി അഞ്ചൽ എന്നിവർ പ്രസംഗിച്ചു. മിസ്പാ വോയ്സ് ഗാനങ്ങൾ ആലപിച്ചു.

## റൈറ്റേഴ്സ് ഫെലോഷിപ്പ് മാധ്യമ ശില്പശാല

തിരുവല്ല: ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടേയും പത്രാധിപന്മാരുടേയും പ്രസാധകരുടേയും ഐക്യവേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ മാർച്ച് 8 തിങ്കളാഴ്ച എഴുത്തുകാർക്കായി ശില്പശാല നടത്തും.തിരുവല്ല ശാന്തിനിലയത്തിൽ രാവലെ 9 മണിക്ക് ആരംഭിക്കുന്ന ശില്പശാല വൈകുന്നേരം 6 മണിക്ക് സമ്മാപിക്കും

പ്രസിഡന്റ് റവ. പി. ജി. മാത്യുസിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം സുവിശേഷകൻ ജെ.സി. ദേവ് ഉദ്ഘാടനം ചെയ്യും. റവ.എം. കുഞ്ഞപ്പി മുഖ്യ സന്ദേശം നൽകും. പ്രസിദ്ധ ക്രൈസ്തവ സാഹിത്യകാരന്മാർ ആശംസകൾ അറിയിക്കും.തുടർന്നു നടക്കുന്ന സെഷനിൽ റിപ്പോർട്ടിംഗ്, ഫീച്ചർ, അഭിമുഖം, എഡിറ്റിംഗ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ജോർജ്ജ് കോശി മൈലപ്ര ക്ളാസ് എടുക്കും. ഉച്ചകഴിഞ്ഞ് റവ.പി.പി.കുര്യന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സെഷനിൽ എഴുത്തും പെന്തക്കോസ്തു മൂല്യങ്ങളും എന്ന വിഷയത്തെ അധീകരിച്ച് റവ.വി.പി.ഫിലിപ്പ് ക്ളാസ് എ ടുക്കും. എഴുത്തുകാരന്റെ ധാർമ്മിക തയും പ്രതിബദ്ധതയും എന്ന വിഷ യത്തെക്കുറിച്ച് ജോജി ഐപ്പ് മാ ത്യുസ് പ്രബന്ധം അവതരിപ്പിക്കും. സുവി.പി.ഐ. ഏബ്രഹാം (കാനം അച്ചൻ) മോഡറേറ്ററായിരിക്കും. റവ. ജോർജ്ജ് മാത്യു പുതുപ്പള്ളി, പാസ്റ്റർമാരായ സണ്ണി പി.സാമു വേൽ, ഷാജി ഇടുക്കി തുടങ്ങിയവർ ചർച്ചകൾ നയിക്കും.സമാപന സ മ്മേളനത്തിൽ റവ.തോമസ് ജോൺ പ്രസംഗിക്കും.

നൂറുരൂപയാണ് രജിസ്ട്രേഷൻ ഫീസ്. മാർച്ച് 5 നു മുമ്പ് പേര് രജിസ്റ്റർ ചെയ്യുന്ന 75 പേർക്ക് പ്രവേശനം ലഭിക്കും. പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നൽകും. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ജെ. ജോസഫ് (ജനറൽ സെക്രട്ടറി), പി.ഓ.ബോക്സ് 15, ഇരവിപേരൂർ പി.ഓ, തിരുവല്ല 689 542, ഫോൺ : 0469 2665819, 9447455820, 9048869944

## രാഷ്ട്രീയ മുഖഛായ .....

1 -ാം പേജ് തുടർച്ച

അർഹിക്കുന്ന എല്ലാവരും നേതൃത്വങ്ങളിൽ അവസരം ലഭിക്കും. പ്രാദേശിക തലത്തിലുള്ളവർക്ക് ഭരണപങ്കാളിത്തം ഉണ്ടാകും. ലോക്കൽ സഭകളെ പല സെക്ടറുകളായി തിരിച്ച് വോട്ടർ പട്ടിക തയ്യാറാക്കുക. അവിടെ നിന്നും നിർദ്ദേശിക്കപ്പെടുന്ന പേരുകളിൽ നിന്നും നേതൃത്വസ്ഥാനങ്ങളിൽ പ്രാർത്ഥനയിലൂടെയും ചർച്ചയിലൂടെയും വ്യക്തികളെ തീരുമാനിക്കുക. വിശ്വാസി സമൂഹത്തെയും വിശ്വാസത്തിലെടുക്കാനുള്ള വഴി ഇതാണ്. സുതാര്യവും ആത്മീകവുമായ രീതി.



5 പതിപ്പുകൾ വിറ്റഴിഞ്ഞ 100 പ്രസംഗങ്ങൾക്കു ശേഷം
മാത്യു പാലത്തുങ്കൽ രചിച്ച പുതിയ പുസ്തകം
101 പ്രസംഗങ്ങൾ
ആത്മപ്രചോദിതം !
ആശയസമ്പുഷ്ടം !!
300 പേജ്
145 രൂപ
വാക്യങ്ങളുടെ പശ്ചാത്തലം, ഭൂമിശാസ്ത്രം,
മൂലഭാഷകളുടെ അർത്ഥം, കഥകളും ഉദാഹരണങ്ങളും
അതിലധികവും ...
Gilgal Creations, Post Box 27, Kuttapuzha P. O. Thiruvalla-3
Mob. 9495238069; gilgalcreations@gmail.com
www.gilgalcreations.blogspot.com; www.gilgalcreations.com
തപാലിൽ ലഭിക്കുവാൻ M.O./DD (in favour of Mathew P. G.) അയയ്ക്കുക. പോസ്റ്റേജ് സൗജന്യം

25 February, 2010 Vol.3 Issue : 04

Believers Journal

Believers Journal
P.O.Box: 31, Manjadi .P.O.,
Thiruvalla, Kerala, Pin 689 105
Office: 9349276586 Mob: 9447368795
Email- beljourn@gmail.com
Website:- www.beljourn.com

RNI. No.KERMAL/2008/26530 Postal Reg.No. KL/TLA 225/2009-11 Posted on 25 th February 2010 at RMS Thiruvalla

# പ്രയർ ടവ്വർ ഉദ്ഘാടനവും കൺവൻഷനും



പ്രയർടവ്വർ സിസ്റ്റർ മേരി മാത്യൂസ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർ പി. എ. സ്കറിയ സമീപം

**ജോധ്പൂർ:** ഫിലദൽഫ്യ പ്രയർടവ്വറിന്റെ ഉദ്ഘാടനം നടന്നു. ജോധ്പൂർ ഫിലദൽഫ്യ ഹാളിൽ നടന്ന കൺവൻഷനോടനുബന്ധിച്ച് 2009 ഡിസംബർ 3 ന് സഹോദരി മേരി മാത്യൂസ് ഉദ്ഘാടനം നിർവ്വഹിച്ചു.

ഫിലദൽഫ്യ ഫെലോഷിപ്പ് ചർച്ചിന്റെ നോർത്ത് വെസ്റ്റ് രാജസ്ഥാൻ ഓവർസിയറായ പാസ്റ്റർ പി. എ. സ്കറിയാ 1975 ഏപ്രിൽ മാസത്തിൽ ജോധ്പൂരിൽ എത്തി വിശ്വാസത്താൽ പ്രവർത്തനം ആരംഭിച്ചു. സുവിശേഷ പ്രതികളുടെ വിതരണം തുടർന്നതാൻ 7-ാം വർഷം ആരാധനയുടെ ആരംഭം കുറിച്ചു. ജയിൽ ഇവാഞ്ചലിസം, ലിറ്ററേച്ചർ മിനിസ്ട്രി. ഗാന്ധി കുഷ്ഠാശ്രമം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ദൈവാത്മ പ്രേരണയാൽ തുടക്കം കുറിച്ചിരിക്കുന്ന പ്രയർടവ്വറിൽ ഏതു സമയത്തും പ്രാർത്ഥനക്കായി ജനങ്ങൾ എത്തിച്ചേരുന്നു. പ്രാർത്ഥനാ വിഷയങ്ങൾക്കായി പ്രയർ ടീം പ്രാർത്ഥിക്കുന്നു.

**E- mail**
beljourn@gmail.com
bjpathramonline@gmail.com

# നിത്യതയെക്കുറിച്ച് ഉറപ്പുവരുത്തുക

## റവ. തോമസ് ഫിലിപ്പ്




**പായിപ്പാട്:** മനുഷ്യജീവിതത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന തെരഞ്ഞെടുപ്പ് മരണാനന്തരമുള്ള നിത്യത എവിടെ ചിലവഴിക്കും എന്നുള്ള തിരിച്ചറിവാണെന്ന് റവ. തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. ഫെബ്രുവരി 11-14 വരെ നടന്ന ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു. ഒരു മനുഷ്യായുസ്സിൽ കർത്താവിനുവേണ്ടി പ്രവർത്തിച്ചതു മാത്രമേ അവസാനത്തോളം നിലനില്ക്കുകയുള്ളൂ. അത് നിത്യതയോളം നമ്മെ പിൻതുടരും. സുവിശേഷത്തിന്റെ കേന്ദ്രബിന്ദുവായ യേശുക്രിസ്തുവിനെക്കുറിച്ച് പ്രസംഗിക്കുമ്പോൾ മാത്രമേ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ഒരുവന്റെ ഹൃദയത്തിൽ ബോധം ഉണ്ടാകുകയുള്ളൂ. നിത്യതയെക്കുറിച്ചുള്ള ദർശനത്തിന് ഇന്ന് മങ്ങൽ ഏറ്റിരിക്കുകയാൽ നമ്മുടെ പ്രസംഗവേദികൾ എല്ലാം ക്രിസ്തുവിനെ ഉയർത്തുന്നതും നിത്യതയെക്കുറിച്ച് ഉറപ്പുവരുത്തുന്നതും ആയിരിക്കണം എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

കൺവൻഷന്റെ വിവിധ സെക്ഷനുകളിൽ ഡോ. അലക്സാണ്ടർ ഫിലിപ്പ്, ഡോ. ജെയ്സൺ തോമസ്, പാസ്റ്റർമാരായ സി. ഡി. ഷാജി,

ശേഷം പേജ്: 8

# അഗപ്പെ മിഷൻ ജനറൽ കൺവൻഷൻ




അഗപ്പെ മിഷൻ പ്രസിഡന്റ് സുവി. പി.എം. അലക്സാണ്ടർ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

വാർത്ത പേജ്:08

ടെലി ഫോൺ ഡയറക്ടറി 2011



ക്രൈസ്തവ പത്രപ്രവർത്തന രംഗത്ത് തനതായ ചുവടുവെയ്പിലൂടെ വിശ്വാസി സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റിയ ബിലീവേഴ്സ് ജേണൽ ദ്വൈവാരികാ കുടുംബത്തിൽ നിന്നും ഒരു പുതിയ സംരഭം.
വിശ്വാസികളുടെയും ശുശ്രൂഷകരുടെയും സഭകളുടെയും ടെലിഫോൺ നമ്പർ, ഈ- മെയിൽ അഡ്രസ്, സഭകളുടെ ചെറുവിവരണം, ആത്മീയ രംഗത്ത് വിവിധ ചുമതലവഹിക്കുന്നവരെ പരിചയപ്പെടുത്തൽ തുടങ്ങി പെന്തക്കോസ്ത് സഭകളുടെയും സംഘടനകളുടെയും വ്യക്തികളുടെയും വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭിക്കുവാൻ സമഗ്രമായ ഒരു ഡയറക്ടറി.
ഇതിൽ വിവരങ്ങൾ ചേർക്കുന്നത് തികച്ചും സൗജന്യമായിരിക്കും. 2011 ലെ ജനറൽ കൺവൻഷനുകളിൽ ടെലഫോൺ ഡയറക്ടറി സൗജന്യമായി വിതരണം ചെയ്യുന്നതുമാണ്.

പേര് : ............................................
മേൽ വിലാസം : ............................................
: ............................................ജില്ല: ...................
സംസ്ഥാനം: ............................................ പിൻ: ...................
ഫോൺ: : ....................................ഈ - മെയിൽ : ...................
ഉൾപ്പെട്ടു നിൽക്കുന്ന സഭ : ............................................
ജോലി : ............................................
ശുശ്രൂഷകനെങ്കിൽ വിശദ വിവരങ്ങൾ : ............................................

കൂടുതൽ വിവരങ്ങൾക്ക്
ബിലീവേഴ്സ് ജേണൽ, പി.ഒ. ബോക്സ്:31
മഞ്ഞാടി പി.ഒ. തിരുവല്ല- 689 105
Phone:9447368795, E-mail: beljourn@gmail.com

Printed, Published & owned by Peter Mathew Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Goodnews Printing Press Kottayam1 (Kerala) Editor - Samkutty Mathew.